# ഉത്തരവാദപ്പെട്ടവർക്കും മൂപ്പന്മാർക്കും വേണ്ടിയുള്ള അന്താരാഷ്ട്ര പരിശീലനം

ഒക്ടോബർ 2024

പൊതുവിഷയം:

## ദൈവരാജ്യത്തിന്റെ യാഥാർഥ്യത്തിൽ ജീവിക്കുന്നു

ദൂത് നാല്

## സഭയുടെ കെട്ടുപണിക്കുവേണ്ടി രാജ്യത്തിന്റെ അഭ്യാസം

MC *Hymns*:ML597 - E 846

തിരുവെഴുത്ത് വായന: മത്താ. 16:16-18, 21-28

മത്താ. 16:16 ശിമോൻ പത്രൊസ് ഉത്തരം നൽകി, നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു, എന്നു പറഞ്ഞു.

മത്താ. 16:17 യേശു അവന് ഉത്തരം നൽകി, ശിമോൻ ബർയോനായേ, നീ അനുഗൃഹീതനാകുന്നു; കാരണം ജഡരക്തമല്ല നിനക്ക് ഇതു വെളിപ്പെടുത്തിയത്, സ്വർഗസ്ഥനായ എന്റെ പിതാവത്രേ.

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

മത്താ. 16:21 ആ സമയം മുതൽ യേശു തന്റെ ശിഷ്യന്മാരോട് താൻ യെരൂശലേമിലേക്കു പോകണം എന്നും, മൂപ്പന്മാർ, മുഖ്യപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരിൽനിന്ന് അനേകം കഷ്ടം സഹിക്കണം എന്നും കൊല്ലപ്പെടണം എന്നും മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടണം എന്നും കാണിച്ചുകൊടുക്കുവാൻ തുടങ്ങി.

മത്താ. 16:22 പത്രൊസോ അവനെ വേറിട്ടു കൊണ്ടുപോയി, കർത്താവേ, ദൈവം നിന്നോടു കരുണയുള്ളവൻ ആകട്ടെ! ഇത് ഒരുവിധത്തിലും നിനക്കു സംഭവിക്കരുത് എന്നു പറഞ്ഞുകൊണ്ട് അവനെ ശാസിക്കുവാൻ തുടങ്ങി.

മത്താ. 16:23 എന്നാൽ അവൻ തിരിഞ്ഞ് പത്രൊസിനോട്, സാത്താനേ! എന്റെ പിന്നിൽ പോ, നീ എനിക്ക് ഇടർച്ചയാകുന്നു, എന്തെന്നാൽ നീ ദൈവത്തിന്റെ കാര്യങ്ങളിലല്ല, മനുഷ്യരുടെ കാര്യങ്ങളിലത്രേ നിന്റെ മനസ്സ് ഉറപ്പിക്കുന്നത് എന്നു പറഞ്ഞു.

മത്താ. 16:24 അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ.

മത്താ. 16:25 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും.

മത്താ. 16:26 ഒരു മനുഷ്യൻ സർവലോകവും നേടീട്ട്, തന്റെ ദേഹിജീവനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം ചെയ്യും? അല്ലെങ്കിൽ ഒരു മനുഷ്യൻ തന്റെ ദേഹിജീവന് എന്തു പകരം നൽകും?

മത്താ. 16:27 എന്തെന്നാൽ മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരോടുകൂടെ വരുവാനിരിക്കുന്നു, അപ്പോൾ അവൻ ഓരോരുത്തനും

തന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിത്തരും.

മത്താ. 16:28 മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നതു കാണുംവരെ ഒരു വിധത്തിലും മരണം രുചിക്കാത്ത ചിലർ ഇവിടെ നിൽക്കുന്നവരിൽ ഉണ്ട് എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

**I. മത്തായി 16 സഭയെ കെട്ടുപണി ചെയ്യുന്നതിനുള്ള മാർഗത്തെ വെളിപ്പെടുത്തുന്നു കൂടാതെ കെട്ടുപണിയുടെ ശത്രുവിനെയും വെളിപ്പെടുത്തുന്നു:**

Matt 16 be omitted.

A. ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു, രൂപാന്തരംപ്രാപിച്ച ഒരു വ്യക്തിയായ പത്രൊസിനെപ്പോലെയുള്ള കല്ലുകൾകൊണ്ട്, പാറയായ അവന്റെമേൽതന്നെ സഭയെ പണിയുന്നു—വാ. 16-18.

മത്താ. 16:16 ശിമോൻ പത്രൊസ് ഉത്തരം നൽകി, നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു, എന്നു പറഞ്ഞു.

മത്താ. 16:17 യേശു അവന് ഉത്തരം നൽകി, ശിമോൻ ബർയോനായേ, നീ അനുഗൃഹീതനാകുന്നു; കാരണം ജഡരക്തമല്ല നിനക്ക് ഇതു വെളിപ്പെടുത്തിയത്, സ്വർഗസ്ഥനായ എന്റെ പിതാവത്രേ.

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

B. സാത്താന്റെ അധികാരം അഥവാ ഇരുട്ടിന്റെ ശക്തിയായ പാതാള കവാടങ്ങൾ സഭയെ കെട്ടുപണി ചെയ്യുന്നതിൽനിന്നും കർത്താവിനെ തടസ്സപ്പെടുത്തുവാൻ സഭയെ ആക്രമിക്കുന്നു—വാ. 18.

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

C. സഭയെ പണിയുന്നതിനായി, കർത്താവ് മരണത്തിലൂടെ കടന്നുപോകുകയും പുനരുത്ഥാനത്തിലേക്ക് പ്രവേശിക്കുകയും വേണമായിരുന്നു—വാ. 21:

മത്താ. 16:21 ആ സമയം മുതൽ യേശു തന്റെ ശിഷ്യന്മാരോട് താൻ യെരൂശലേമിലേക്കു പോകണം എന്നും, മൂപ്പന്മാർ, മുഖ്യപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരിൽനിന്ന് അനേകം കഷ്ടം സഹിക്കണം എന്നും കൊല്ലപ്പെടണം എന്നും മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടണം എന്നും കാണിച്ചുകൊടുക്കുവാൻ തുടങ്ങി.

1. ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളിലൂടെ സഭ ഉളവാക്കപ്പെട്ടു—യോഹ. 12:24.

യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

2. സഭ കെട്ടുപണി ചെയ്യുന്നതിനുള്ള മാർഗം ക്രൂശിക്കപ്പെടുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്യുന്നതാണ്—പ്ര.നി. 2 കൊരി. 4:10-12; ഗലാ. 2:20.

2 കൊരി. 4:10 യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ

വെളിവാകേണ്ടതിന് യേശുവിന്റെ മരിപ്പിക്കൽ എപ്പോഴും ശരീരത്തിൽ വഹിച്ചുകൊണ്ട് നടക്കുന്നു.

2 കൊരി. 4:11 യേശുവിന്റെ ജീവൻ ഞങ്ങളുടെ മർത്യജഡത്തിൽ വെളിവാകേണ്ടതിന്, ജീവിച്ചിരിക്കുന്നവരായ ഞങ്ങൾ യേശു നിമിത്തം എപ്പോഴും മരണത്തിന് ഏൽപ്പിക്കപ്പെടുന്നു.

2 കൊരി. 4:12 ആകയാൽ മരണം ഞങ്ങളിൽ വ്യാപരിക്കുന്നു, നിങ്ങളിൽ ജീവനും.

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

3. ക്രൂശുമരണത്തിലൂടെയുള്ള പുനരുത്ഥാനമണ്ഡലത്തിൽ മാത്രമാണ് സഭ നിലനിൽക്കുന്നതും പണിയപ്പെടുന്നതും—ഉല്പ. 2:21-22; പ്ര.നി. എഫെ. 4:15-16.

ഉല്പ. 2:21 ആകയാൽ യഹോവയായ ദൈവം മനുഷ്യനു ഒരു ഗാഢനിദ്ര വരുത്തി; അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലുകളിൽ ഒന്നു എടുത്തു അതിന്നു പകരം മാംസം പിടിപ്പിച്ചു.

ഉല്പ. 2:22 യഹോവയായ ദൈവം മനുഷ്യനിൽനിന്നു എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു.

എഫെ. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

D. ഒരു നല്ല ഹൃദയമുള്ള പത്രൊസ് കർത്താവിനെ ശാസിക്കുകയും ക്രൂശിക്കപ്പെടുവാൻ യെരൂശലേമിലേക്ക് പോകുന്നതിൽനിന്നും കർത്താവിനെ തടയുവാൻ ശ്രമിക്കുകയും ചെയ്തു—മത്താ. 16:22:

മത്താ. 16:22 പത്രൊസോ അവനെ വേറിട്ടു കൊണ്ടുപോയി, കർത്താവേ, ദൈവം നിന്നോടു കരുണയുള്ളവൻ ആകട്ടെ! ഇത് ഒരുവിധത്തിലും നിനക്കു സംഭവിക്കരുത് എന്നു പറഞ്ഞുകൊണ്ട് അവനെ ശാസിക്കുവാൻ തുടങ്ങി.

1. അത് പത്രൊസായിരുന്നില്ല, പിന്നയോ സഭയെ കെട്ടുപണിചെയ്യുന്നതിൽനിന്നും കർത്താവിനെ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുന്നതിന് പാതാള കവാടങ്ങളിലൊന്നായ പത്രൊസിന്റെ സ്വയമെന്ന കവാടത്തിലൂടെ വന്ന സാത്താനായിരുന്നു—വാ. 23.

മത്താ. 16:23 എന്നാൽ അവൻ തിരിഞ്ഞ് പത്രൊസിനോട്, സാത്താനേ! എന്റെ പിന്നിൽ പോ, നീ എനിക്ക് ഇടർച്ചയാകുന്നു,

എന്തെന്നാൽ നീ ദൈവത്തിന്റെ കാര്യങ്ങളിലല്ല, മനുഷ്യരുടെ കാര്യങ്ങളിലത്രേ നിന്റെ മനസ്സ് ഉറപ്പിക്കുന്നത് എന്നു പറഞ്ഞു.

2. സ്വയവും, മനസ്സും, ദേഹിജീവനുമാണ് സഭയെ ആക്രമിക്കുവാനും നശിപ്പിക്കുവാനും സാത്താൻ പുറപ്പെട്ടുവരുന്ന പ്രധാന കവാടങ്ങൾ—വാ. 23-26.

മത്താ. 16:23 എന്നാൽ അവൻ തിരിഞ്ഞ് പത്രൊസിനോട്, സാത്താനേ! എന്റെ പിന്നിൽ പോ, നീ എനിക്ക് ഇടർച്ചയാകുന്നു, എന്തെന്നാൽ നീ ദൈവത്തിന്റെ കാര്യങ്ങളിലല്ല, മനുഷ്യരുടെ കാര്യങ്ങളിലത്രേ നിന്റെ മനസ്സ് ഉറപ്പിക്കുന്നത് എന്നു പറഞ്ഞു.

മത്താ. 16:24 അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ.

മത്താ. 16:25 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും.

മത്താ. 16:26 ഒരു മനുഷ്യൻ സർവലോകവും നേടീട്ട്, തന്റെ ദേഹിജീവനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം ചെയ്യും? അല്ലെങ്കിൽ ഒരു മനുഷ്യൻ തന്റെ ദേഹിജീവന് എന്തു പകരം നൽകും?

**II. സഭയുടെ കെട്ടുപണി മൂന്ന് താക്കോലുകളുടെ പ്രയോഗത്തിലൂടെ പാതാള കവാടങ്ങൾ അടയ്ക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു—24-26:**

മത്താ. 16:24 അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ.

മത്താ. 16:25 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും.

മത്താ. 16:26 ഒരു മനുഷ്യൻ സർവലോകവും നേടീട്ട്, തന്റെ ദേഹിജീവനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം ചെയ്യും? അല്ലെങ്കിൽ ഒരു മനുഷ്യൻ തന്റെ ദേഹിജീവന് എന്തു പകരം നൽകും?

A. സ്വയത്തെ ത്യജിക്കുന്നതിനുള്ള താക്കോൽ പ്രയോഗിക്കുവാൻ നാം പഠിക്കേണ്ടതുണ്ട്—വാ. 24:

മത്താ. 16:24 അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ.

1. ജഡം എന്നത് സാത്താന്റെ പ്രകൃതമായ പാപത്താൽ ദുഷിച്ച സൃഷ്ടിക്കപ്പെട്ട ശരീരമാണ് (റോമ. 6:12, 14; 7:8, 11, 17, 20); സ്വയം എന്നത് സൃഷ്ടിക്കപ്പെട്ട ദേഹിയോടുകൂടെ സാത്താന്യ മനസ്സ്, സാത്താന്റെ മനസ്സ് ചേരുന്നതാണ്.

റോമ. 6:12 അതുകൊണ്ട് നിങ്ങൾ ശരീരത്തിന്റെ മോഹങ്ങളെ അനുസരിക്കേണ്ടതിന്, നിങ്ങളുടെ മർത്യശരീരത്തിൽ പാപം വാഴുവാൻ അനുവദിക്കരുത്;

റോമ. 6:14 പാപം നിങ്ങളുടെ മേൽ കർത്തൃത്വം നടത്തുകയില്ല, എന്തെന്നാൽ നിങ്ങൾ ന്യായപ്രമാണത്തിൻ കീഴിലല്ല കൃപയിൻ കീഴിലത്രേ ആകുന്നു.

റോമ. 7:8 എന്നാൽ പാപം, കൽപനയിലൂടെ അവസരം കൈവശമാക്കിയിട്ട്, എന്നിൽ സകല വിധത്തിലുള്ള മോഹവും പുറപ്പെടുവിച്ചു; എന്തെന്നാൽ ന്യായപ്രമാണം ഇല്ലാതെ പാപം നിർജീവമാകുന്നു.

റോമ. 7:11 എന്തെന്നാൽ പാപം, കൽപനയിലൂടെ അവസരം കൈവശമാക്കിയിട്ട്, എന്നെ വഞ്ചിക്കുകയും അതിലൂടെ എന്നെ കൊല്ലുകയും ചെയ്തു.

റോമ. 7:17 ആകയാൽ മേലാൽ അത് പുറപ്പെടുവിക്കുന്നത് ഞാനല്ല, എന്നിൽ വസിക്കുന്ന പാപമത്രേ.

റോമ. 7:20 എന്നാൽ ഞാൻ ഇച്ഛിക്കാത്തതിനെ ഞാൻ ചെയ്യുന്നുവെങ്കിൽ, അത് ഇനിമേൽ ഞാനല്ല, എന്നിൽ വസിക്കുന്ന പാപമത്രേ പുറപ്പെടുവിക്കുന്നത്.

2. സാത്താന്റെ മനസ്സായ ചിന്ത, മനുഷ്യ ദേഹിയിലേക്ക് കുത്തിവച്ചപ്പോൾ, മനുഷ്യ ദേഹി സാത്താന്റെ ദേഹരൂപമായ സ്വയമായിത്തീർന്നു—ഉല്പ. 3:1-6; മത്താ. 16:22-23:

ഉല്പ. 3:1 യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളെക്കാളും പാമ്പു കൌശലമേറിയതായിരുന്നു. അതു സ്ത്രീയോടു: തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു.

ഉല്പ. 3:2 സ്ത്രീ പാമ്പിനോടു: തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു തിന്നാം;

ഉല്പ. 3:3 എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിന്നു തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുതു, തൊടുകയും അരുതു എന്നു ദൈവം കല്പിച്ചിട്ടുണ്ടു എന്നു പറഞ്ഞു.

ഉല്പ. 3:4 പാമ്പു സ്ത്രീയോടു: നിങ്ങൾ മരിക്കയില്ല നിശ്ചയം;

ഉല്പ. 3:5 അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യും എന്നു ദൈവം അറിയുന്നു എന്നു പറഞ്ഞു.

ഉല്പ. 3:6 ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു ഭർത്താവിന്നും കൊടുത്തു; അവനും തിന്നു.

മത്താ. 16:22 പത്രൊസോ അവനെ വേറിട്ടു കൊണ്ടുപോയി, കർത്താവേ, ദൈവം നിന്നോടു കരുണയുള്ളവൻ ആകട്ടെ! ഇത് ഒരുവിധത്തിലും നിനക്കു സംഭവിക്കരുത് എന്നു പറഞ്ഞുകൊണ്ട് അവനെ ശാസിക്കുവാൻ തുടങ്ങി.

മത്താ. 16:23 എന്നാൽ അവൻ തിരിഞ്ഞ് പത്രൊസിനോട്, സാത്താനേ! എന്റെ പിന്നിൽ പോ, നീ എനിക്ക് ഇടർച്ചയാകുന്നു,

എന്തെന്നാൽ നീ ദൈവത്തിന്റെ കാര്യങ്ങളിലല്ല, മനുഷ്യരുടെ കാര്യങ്ങളിലത്രേ നിന്റെ മനസ്സ് ഉറപ്പിക്കുന്നത് എന്നു പറഞ്ഞു.

a. ഹവ്വ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം അവളുടെ ശരീരത്തിലേക്ക് എടുക്കുന്നതിനുമുമ്പ്, സാത്താന്റെ മനസ്സായ ചിന്ത അവളുടെ ദേഹിയിലേക്ക് കുത്തിവയ്ക്കപ്പെട്ടു.

b. സാത്താന്റെ ചിന്തയാൽ ഹവ്വയുടെ മനസ്സ് വിഷലിപ്തമാക്കപ്പെട്ടശേഷം, അവളുടെ വികാരം ഉണർത്തപ്പെടുകയും, തുടർന്ന് അറിവിന്റെ വൃക്ഷത്തിന്റെ ഫലം ഭക്ഷിക്കുവാനുള്ള തീരുമാനം എടുക്കുവാൻ അവളുടെ ഇച്ഛാശക്തി പ്രയോഗിക്കപ്പെടുകയും ചെയ്തു.

c. ഈ സമയമായപ്പോഴേക്കും ദേഹിയുടെ എല്ലാ ഭാഗങ്ങളും—മനസ്സും, വികാരവും, ഇച്ഛയും—വിഷലിപ്തമാക്കപ്പെട്ടിരുന്നു.

d. സ്വയം എന്നത് ദേഹിജീവന്റെ ദേഹരൂപമാണ്, അത് മനസ്സിലൂടെ ആവിഷ്കരിക്കപ്പെടുന്നു; അങ്ങനെ, സ്വയവും, ദേഹി-ജീവനും, മനസ്സും ഒന്നിൽ മൂന്നാണ് (three-in-one).

e. ഈ മൂന്നിനും പിന്നിൽ സഭയെ നശിപ്പിക്കുന്നതിനായി സ്വയത്തെ കൗശലത്താൽ സ്വാധീനിക്കുന്ന സാത്താനാണ്—വാ. 23.

മത്താ. 16:23 എന്നാൽ അവൻ തിരിഞ്ഞ് പത്രൊസിനോട്, സാത്താനേ! എന്റെ പിന്നിൽ പോ, നീ എനിക്ക് ഇടർച്ചയാകുന്നു, എന്തെന്നാൽ നീ ദൈവത്തിന്റെ കാര്യങ്ങളിലല്ല, മനുഷ്യരുടെ കാര്യങ്ങളിലത്രേ നിന്റെ മനസ്സ് ഉറപ്പിക്കുന്നത് എന്നു പറഞ്ഞു.

3. ദൈവത്തിൽനിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന ദേഹിയാണ് സ്വയം.

a. നാം എന്തു ചെയ്യുന്നു എന്നത് കർത്താവ് ആദരിക്കുന്നില്ല; മറിച്ച്, അവന്റെമേലുള്ള നമ്മുടെ ആശ്രയത്തെ അവൻ ആദരിക്കുന്നു—7:21-23; പ്ര.നി. യോശു. 9:14.

മത്താ. 7:21 എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ, സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും.

മത്താ. 7:22 ആ നാളിൽ അനേകർ എന്നോട്, കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ അനേകം വീര്യപ്രവൃത്തികൾ ചെയ്യുകയും ചെയ്തില്ലയോ? എന്നു പറയും.

മത്താ. 7:23 അപ്പോൾ ഞാൻ അവരോട്: ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിരുന്നില്ല; അധർമത്തിന്റെ വേലക്കാരേ, എന്നെ വിട്ടുപോകുവിൻ എന്നു പ്രഖ്യാപിക്കും.

യോശു. 9:14 അപ്പോൾ യിസ്രായേൽപുരുഷന്മാർ യഹോവയോടു ചോദിക്കാതെ അവരുടെ ഭക്ഷണസാധനം വാങ്ങി ആസ്വദിച്ചു.

b. ശരീരത്തിന്റെ ശത്രു സ്വയമാണ്; സ്വയം സ്വതന്ത്രമായ ഒന്നായതുകൊണ്ട്, ശരീരത്തിന്റെ കെട്ടുപണിക്ക് ഏറ്റവും വലിയ പ്രശ്നവും, ഏറ്റവും വലിയ തടസ്സവും എതിർപ്പുമാണ്.

c. നാം ദൈവത്തിൽ മാത്രമല്ല, ശരീരത്തിലും, സഹോദരീ സഹോദരന്മാരിലും ആശ്രയിക്കണം—പുറ. 17:11-13; പ്രവൃ. 9:25; 2 കൊരി. 11:33.

പുറ. 17:11 മോശെ കൈ ഉയർത്തിയിരിക്കുമ്പോൾ യിസ്രായേൽ ജയിക്കും; കൈ താഴ്ത്തിയിരിക്കുമ്പോൾ അമാലേക്ക് ജയിക്കും.

പുറ. 17:12 എന്നാൽ മോശെയുടെ കൈ ഭാരം തോന്നിയപ്പോൾ അവർ ഒരു കല്ലു എടുത്തുവെച്ചു, അവൻ അതിന്മേൽ ഇരുന്നു; അഹരോനും ഹൂരും ഒരുത്തൻ ഇപ്പുറത്തും ഒരുത്തൻ അപ്പുറത്തും നിന്നു അവന്റെ കൈ താങ്ങി; അങ്ങനെ അവന്റെ കൈ സൂര്യൻ അസ്തമിക്കുംവരെ ഉറെച്ചുനിന്നു.

പുറ. 17:13 യോശുവ അമാലേക്കിനെയും അവന്റെ ജനത്തെയും വാളിന്റെ വായ്ത്തലയാൽ തോല്പിച്ചു.

പ്രവൃ. 9:25 എന്നാൽ അവന്റെ ശിഷ്യന്മാർ രാത്രിയിൽ അവനെ എടുത്ത് ഒരു കുട്ടയിൽ താഴ്ത്തിവച്ച് മതിലിലൂടെ താഴെയിറക്കി.

2 കൊരി. 11:33 ജനാലയിലൂടെ ഒരു കുട്ടയിൽ, മതിൽ വഴിയായി എന്നെ ഇറക്കി, അവന്റെ കരങ്ങളിൽനിന്ന് രക്ഷപെട്ടു.

d. കർത്താവും ശരീരവും ഒന്നാണ്; തന്മൂലം, നാം ശരീരത്തിൽ ആശ്രയിക്കുന്നുവെങ്കിൽ, നാം കർത്താവിലും ആശ്രയിക്കുന്നവരാണ്; നാം ശരീരത്തിൽനിന്ന് സ്വതന്ത്രരാണെങ്കിൽ, നാം സ്വതേ കർത്താവിൽ നിന്ന് സ്വതന്ത്രരാണ്.

e. നാം ആശ്രയമുള്ളവരാണെങ്കിൽ സ്വയം ഇല്ലാതാകുന്നു, സ്വയത്തിനുപകരം, നമുക്ക് കർത്താവിന്റെ സാന്നിധ്യമുണ്ടായിരിക്കുകയും, സമാധാനം നിറഞ്ഞവരായിരിക്കുകയും ചെയ്യും.

f. ക്രൂശിനാൽ സ്വയ-ജീവൻ സമ്പൂർണമായി ഇടപെടൽ പ്രാപിച്ചശേഷം മാത്രമേ നമുക്ക് ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യത്തെ സ്പർശിക്കുവാനും ശരീരത്തെ അറിയുവാനും കഴിയുകയുള്ളൂ.

4. സ്വയത്തിന്റെ ചില ആവിഷ്കാരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത് (ഗീതങ്ങൾ, #866, ചരണങ്ങൾ 5, 6 എന്നിവ കാണുക):

Hymns, #E866, ML556, stanzas 5 and 6;

5 ആത്മാവിൽ സ്വാത്രന്ത്യം
സ്വ-നീതി, സ്വയ-
നിന്ദ, സ്വ-ബോധത്തിൽ
നിന്നും മോചനം.

6 ആത്മാവിൽ സ്വാത്രന്ത്യം
നിഗളം മാറി
സ്വ-സ്നേഹം, പ്രശംസ,
ജയിക്കുന്നെല്ലാം.

a. സ്വയത്തോടുകൂടെ അതിമോഹവും നിഗളവും ആത്മപ്രശംസയും ഉണ്ട്—മത്താ. 20:20-28; 1 പത്രൊ. 5:5; റോമ. 12:3; സംഖ്യ 12:1-10; 16:1-3; ഫിലി. 2:3-4.

മത്താ. 20:20 അപ്പോൾ സെബെദിപുത്രന്മാരുടെ അമ്മ അവളുടെ പുത്രന്മാരോടൊപ്പം, അവനെ ആരാധിച്ചും അവനിൽനിന്ന് ചിലതു ചോദിച്ചുംകൊണ്ട് അവന്റെ അടുക്കൽ വന്നു.

മത്താ. 20:21 അവൻ അവളോട്, നിനക്ക് എന്തു വേണം? എന്നു ചോദിച്ചു. അവൾ അവനോട്, നിന്റെ രാജ്യത്തിൽ എന്റെ ഈ രണ്ടു പുത്രന്മാർ, ഒരുവൻ നിന്റെ വലത്തും ഒരുവൻ നിന്റെ ഇടത്തും ഇരിക്കും എന്നു പറയേണമേ എന്നു പറഞ്ഞു.

മത്താ. 20:22 എന്നാൽ യേശു ഉത്തരം നൽകി അവരോട്, നിങ്ങൾ ചോദിക്കുന്നത് എന്തെന്നു നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിക്കുവാൻ പോകുന്ന പാനപാത്രം കുടിക്കുവാൻ നിങ്ങൾക്കു കഴിയുമോ? എന്നു ചോദിച്ചു. അവർ അവനോട്, ഞങ്ങൾക്കു കഴിയും എന്നു പറഞ്ഞു.

മത്താ. 20:23 അവൻ അവരോട്, നിങ്ങൾ തീർച്ചയായും എന്റെ പാനപാത്രം കുടിക്കും, എന്നാൽ എന്റെ വലത്തും ഇടത്തും ഇരിക്കുവാൻ, നൽകുന്നത് എന്റേതല്ല, അത് എന്റെ പിതാവിനാൽ ഒരുക്കിയിരിക്കുന്നവർക്ക് ഉള്ളതാകുന്നു എന്നു പറഞ്ഞു.

മത്താ. 20:24 ശേഷം പത്തുപേർ ഇതു കേട്ടപ്പോൾ രണ്ടു സഹോദരന്മാരെക്കുറിച്ച് അവർ കുപിതരായി.

മത്താ. 20:25 എന്നാൽ യേശു അവരെ തന്റെ അടുക്കൽ വിളിച്ച് അവരോടു പറഞ്ഞു, ജാതികളുടെ അധിപന്മാർ അവരുടെമേൽ കർത്തൃത്വം നടത്തുകയും, വലിയവർ അവരുടെമേൽ അധികാരം പ്രയോഗിക്കുകയും ചെയ്യുന്നു എന്ന് നിങ്ങൾ അറിയുന്നുവല്ലോ.

മത്താ. 20:26 നിങ്ങളുടെ ഇടയിൽ അങ്ങനെ അരുത്; എന്നാൽ, നിങ്ങളുടെ ഇടയിൽ ആരെങ്കിലും വലിയവനാകുവാൻ ഇച്ഛിച്ചാൽ, അവൻ നിങ്ങളുടെ സേവകൻ ആകേണം.

മത്താ. 20:27 നിങ്ങളുടെ ഇടയിൽ ആരെങ്കിലും ഒന്നാമനാകുവാൻ ഇച്ഛിച്ചാൽ, അവൻ നിങ്ങളുടെ അടിമ ആകേണം.

മത്താ. 20:28 മനുഷ്യപുത്രനും ശുശ്രൂഷിക്കപ്പെടുവാനല്ല, മറിച്ച് ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി തന്റെ ജീവനെ

മറുവിലയായി നൽകുവാനും വന്നതു പോലെ തന്നെ.

1 പത്രൊ. 5:5 അങ്ങനെതന്നെ, ഇളയവരേ, മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കുവിൻ; നിങ്ങൾ എല്ലാവരും അന്യോന്യം താഴ്മകൊണ്ട് അരകെട്ടുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം നിഗളികളെ എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് കൃപ നൽകുന്നു.

റോമ. 12:3 ഭാവിക്കേണ്ടതിന് മീതെ തന്നെത്താൻ ഭാവിക്കാതെ, സുബോധമാകുംവണ്ണം, ദൈവം ഓരോരുത്തന് വിശ്വാസത്തിന്റെ അളവ് പകുത്തുനൽകിയിരിക്കുന്നതുപോലെ ഭാവിക്കണമെന്ന് എനിക്ക് നൽകിയിരിക്കുന്ന കൃപയിലൂടെ, നിങ്ങളിൽ ഓരോരുത്തനോടും ഞാൻ പറയുന്നു.

സംഖ്യ. 12:1 മോശെ ഒരു കൂശ്യസ്ത്രീയെ വിവാഹം ചെയ്തിരുന്നതുകൊണ്ടു കൂശ്യസ്ത്രീനിമിത്തം മിർയ്യാമും അഹരോനും അവന്നു വിരോധമായി സംസാരിച്ചു:

സംഖ്യ. 12:2 യഹോവ മോശെമുഖാന്തരം മാത്രമേ അരുളിച്ചെയ്തിട്ടുള്ളുവോ? ഞങ്ങൾമുഖാന്തരവും അരുളിച്ചെയ്തിട്ടില്ലയോ എന്നു പറഞ്ഞു; യഹോവ അതു കേട്ടു.

സംഖ്യ. 12:3 മോശെ എന്ന പുരുഷനോ ഭൂതലത്തിൽ ഉള്ള സകലമനുഷ്യരിലും അതിസൗമ്യനായിരുന്നു.

സംഖ്യ. 12:4 പെട്ടെന്നു യഹോവ മോശെയോടും അഹരോനോടും മിർയ്യാമിനോടും: നിങ്ങൾ മൂവരും സമാഗമനകൂടാരത്തിങ്കൽ വരുവിൻ എന്നു കല്പിച്ചു; അവർ മൂവരും ചെന്നു.

സംഖ്യ. 12:5 യഹോവ മേഘസ്തംഭത്തിൽ ഇറങ്ങി കൂടാരവാതിൽക്കൽനിന്നു അഹരോനെയും മിർയ്യാമിനെയും വിളിച്ചു; അവർ ഇരുവരും അങ്ങോട്ടു ചെന്നു.

സംഖ്യ. 12:6 പിന്നെ അവൻ അരുളിച്ചെയ്തതു: എന്റെ വചനങ്ങളെ കേൾപ്പിൻ; നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകൻ ഉണ്ടെങ്കിൽ യഹോവയായ ഞാൻ അവന്നു ദർശനത്തിൽ എന്നെ വെളിപ്പെടുത്തുകയും സ്വപ്നത്തിൽ അവനോടു അരുളിച്ചെയ്കയും ചെയ്യും.

സംഖ്യ. 12:7 എന്റെ ദാസനായ മോശെയോ അങ്ങനെയല്ല; അവൻ എന്റെ ഗൃഹത്തിൽ ഒക്കെയും വിശ്വസ്തൻ ആകുന്നു.

സംഖ്യ. 12:8 അവനോടു ഞാൻ അരുളിച്ചെയ്യുന്നതു മറപൊരുളായിട്ടല്ല അഭിമുഖമായിട്ടും സ്പഷ്ടമായിട്ടും അത്രേ; അവൻ യഹോവയുടെ രൂപം കാണുകയും ചെയ്യും. അങ്ങനെയിരിക്കെ നിങ്ങൾ എന്റെ ദാസനായ മോശെക്കു വിരോധമായി സംസാരിപ്പാൻ

ശങ്കിക്കാഞ്ഞതു എന്തു?

സംഖ്യ. 12:9 യഹോവയുടെ കോപം അവരുടെ നേരെ ജ്വലിച്ചു അവൻ മറഞ്ഞു.

സംഖ്യ. 12:10 മേഘവും കൂടാരത്തിന്മേൽ നിന്നു നീങ്ങിപ്പോയി. മിർയ്യാം ഹിമംപോലെ വെളുത്തു കുഷ്ഠരോഗിണിയായി; അഹരോൻ മിർയ്യാമിനെ നോക്കിയപ്പോൾ അവൾ കുഷ്ഠരോഗിണി എന്നു കണ്ടു.

സംഖ്യ. 16:1 എന്നാൽ ലേവിയുടെ മകനായ കെഹാത്തിന്റെ മകനായ യിസ്ഹാരിന്റെ മകൻ കോരഹ്, രൂബേൻ ഗോത്രത്തിൽ എലീയാബിന്റെ പുത്രന്മാരായ ദാഥാൻ, അബീരാം, പേലെത്തിന്റെ മകനായ ഓൻ എന്നിവർ

സംഖ്യ. 16:2 യിസ്രായേൽമക്കളിൽ സഭാപ്രധാനികളും സംഘസദസ്യന്മാരും പ്രമാണികളുമായ ഇരുനൂറ്റമ്പതു പുരുഷന്മാരെ കൂട്ടി മോശെയോടു മത്സരിച്ചു.

സംഖ്യ. 16:3 അവൻ മോശെക്കും അഹരോന്നും വിരോധമായി കൂട്ടംകൂടി അവരോടു: മതി, മതി; സഭ ഒട്ടൊഴിയാതെ എല്ലാവരും വിശുദ്ധരാകുന്നു; യഹോവ അവരുടെ മദ്ധ്യേ ഉണ്ടു; പിന്നെ നിങ്ങൾ യഹോവയുടെ സഭെക്കു മീതെ നിങ്ങളെത്തന്നേ ഉയർത്തുന്നതു എന്തു? എന്നു പറഞ്ഞു.

ഫിലി. 2:3 സ്വാർഥമോഹത്താലോ വ്യർഥമഹത്വത്താലോ ഒന്നും ചെയ്യാതെ, തങ്ങളെക്കാൾ മറ്റുള്ളവർ അധികം ശ്രേഷ്ഠർ എന്ന് മനസ്സിന്റെ താഴ്മയിൽ അന്യോന്യം കരുതിക്കൊണ്ട്,

ഫിലി. 2:4 ഓരോരുത്തനും തന്റെ സ്വന്തം നന്മകളല്ല, മറ്റുള്ളവരുടെ നന്മകളും നോക്കിക്കൊണ്ട് എന്റെ സന്തോഷം പൂർണമാക്കുവിൻ.

b. സ്വയത്തോടുകൂടെ സ്വയ-നീതിയും, സ്വയ-നീതീകരണവും, മറ്റുള്ളവരെ തുറന്നുകാണിക്കുന്നതും വിമർശിക്കുന്നതും കുറ്റംവിധിക്കുന്നതും ഉണ്ട്—മത്താ. 9:10-13; ലൂക്കൊ. 18:9-14; 1 പത്രൊ. 4:8; യോഹ. 3:17; 8:11; ലൂക്കൊ. 6:37; മത്താ. 7:1-5.

മത്താ. 9:10 അവൻ വീട്ടിൽ മേശയിങ്കൽ ഇരിക്കുമ്പോൾ ഇതാ, അനേകം ചുങ്കക്കാരും പാപികളും വന്നു യേശുവിനോടും അവന്റെ ശിഷ്യന്മാരോടും കൂടെ ഒന്നിച്ചു മേശയിങ്കൽ ഇരുന്നു.

മത്താ. 9:11 പരീശന്മാർ ഇതു കണ്ടിട്ടു അവന്റെ ശിഷ്യന്മാരോട്, നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടുംകൂടെ എന്തിനു ഭക്ഷിക്കുന്നു? എന്നു ചോദിച്ചു.

മത്താ. 9:12 ഇതു കേട്ടപ്പോൾ, അവൻ പറഞ്ഞു, ശക്തരായവർക്കു വൈദ്യന്റെ ആവശ്യം ഇല്ല, രോഗികൾക്കത്രേ ഉള്ളത്.

മത്താ. 9:13 എന്നാൽ "ഞാൻ യാഗമല്ല, കരുണയത്രേ ആഗ്രഹിക്കുന്നു", എന്നത് എന്താകുന്നു എന്നു പോയി

പഠിക്കുവിൻ, എന്തെന്നാൽ ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ വിളിക്കുവാൻ വന്നത്.

ലൂക്കൊ. 18:9 തങ്ങളിൽത്തന്നെ നീതിമാന്മാർ ആകുന്നു എന്നു വിശ്വസിക്കുകയും ബാക്കിയുള്ളവരെ നിന്ദിക്കുകയും ചെയ്ത ചിലർക്കായി, അവൻ ഈ ഉപമ പറഞ്ഞു:

ലൂക്കൊ. 18:10 രണ്ടു മനുഷ്യർ പ്രാർഥിക്കുവാൻ ദൈവാലയത്തിലേക്കു കയറിപ്പോയി, ഒരുവൻ പരീശനും മറ്റവൻ ചുങ്കക്കാരനും ആയിരുന്നു.

ലൂക്കൊ. 18:11 പരീശൻ നിന്നുകൊണ്ട് തന്നോടുതന്നെ ഈ കാര്യങ്ങൾ പ്രാർഥിച്ചു: ദൈവമേ, പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ, എന്നീ ബാക്കിയുള്ള മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോ ഞാൻ അല്ലാത്തതിനാൽ നിനക്കു നന്ദി പറയുന്നു.

ലൂക്കൊ. 18:12 ആഴ്ചയിൽ രണ്ടു പ്രാവശ്യം ഞാൻ ഉപവസിക്കുന്നു; എനിക്കു കിട്ടുന്നതിൽ നിന്നെല്ലാം ദശാംശം കൊടുക്കുന്നു.

ലൂക്കൊ. 18:13 എന്നാൽ ചുങ്കക്കാരൻ ദൂരത്തു നിന്നുകൊണ്ട്, സ്വർഗത്തേക്കു കണ്ണുകൾ ഉയർത്തുകപോലും ചെയ്യാതെ, ദൈവമേ, പാപിയായ എന്നോട് അനുനയപ്പെടേണമേ! എന്നു പറഞ്ഞുകൊണ്ട് തന്റെ മാറത്തടിച്ചു.

ലൂക്കൊ. 18:14 ഞാൻ നിങ്ങളോടു പറയുന്നു, അവനല്ല, ഇവനത്രേ നീതീകരിക്കപ്പെട്ടവനായി തന്റെ ഭവനത്തിലേക്ക് ഇറങ്ങിപ്പോയത്; തന്നെത്താൻ ഉയർത്തുന്ന ഏവനും താഴ്ത്തപ്പെടും, എന്നാൽ തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും.

1 പത്രൊ. 4:8 എല്ലാറ്റിനും ഉപരി, നിങ്ങളുടെ ഇടയിൽ ഗാഢമായ സ്നേഹം ഉണ്ടായിരിക്കട്ടെ, എന്തുകൊണ്ടെന്നാൽ സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നു.

യോഹ. 3:17 ലോകത്തെ ശിക്ഷവിധിക്കുവാൻ അല്ല, ലോകം അവനിലൂടെ രക്ഷിക്കപ്പെടേണ്ടതിനത്രേ ദൈവം പുത്രനെ ലോകത്തിലേക്ക് അയച്ചത്.

യോഹ. 8:11 ആരും ഇല്ല കർത്താവേ എന്ന് അവൾ പറഞ്ഞു. യേശു അവളോട്, ഞാനും നിന്നെ ശിക്ഷവിധിക്കുന്നില്ല; പോകുക, ഇനിമേൽ പാപം ചെയ്യരുത് എന്നു പറഞ്ഞു.

ലൂക്കൊ. 6:37 വിധിക്കരുത്, നിങ്ങളും വിധിക്കപ്പെടുകയില്ല; ശിക്ഷവിധിക്കരുത്, നിങ്ങളും ശിക്ഷവിധിക്കപ്പെടുകയില്ല; വിട്ടയയ്ക്കുവിൻ, നിങ്ങളും വിട്ടയയ്ക്കപ്പെടും;

മത്താ. 7:1 നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്.

മത്താ. 7:2 നിങ്ങൾ വിധിക്കുന്ന വിധിയാൽ, നിങ്ങൾ വിധിക്കപ്പെടുകയും, നിങ്ങൾ അളക്കുന്ന അളവിനാൽ,

നിങ്ങൾക്ക് അളക്കപ്പെടുകയും ചെയ്യും.

മത്താ. 7:3 നീ സഹോദരന്റെ കണ്ണിലെ കരട് നോക്കുകയും, എന്നാൽ നിന്റെ കണ്ണിലെ കോൽ കരുതാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്?

മത്താ. 7:4 അല്ലെങ്കിൽ ഇതാ, നിന്റെ കണ്ണിൽ കോൽ ഇരിക്കുമ്പോൾ, നിന്റെ സഹോദരനോട്, നിന്റെ കണ്ണിൽനിന്നു ഞാൻ കരട് എടുത്തുകളയട്ടെ എന്ന് എങ്ങനെ പറയും?

മത്താ. 7:5 കപടഭക്തിക്കാരാ, ആദ്യം നിന്റെ കണ്ണിൽനിന്നു കോൽ എടുത്തു കളയുക, അപ്പോൾ നിന്റെ സഹോദരന്റെ കണ്ണിൽനിന്നു കരട് എടുത്തു കളയുവാൻ നീ വ്യക്തമായി കാണും.

c. സ്വയത്തോടുകൂടെ ആത്മപരിശോധനയും സ്വയ-നിന്ദയും ഉണ്ട്—ഉത്തമ. 2:8-9; 1 കൊരി. 12:15-16.

ഉത്ത. 2:8 അതാ, എന്റെ പ്രിയന്റെ സ്വരം! അവൻ മലകളിന്മേൽ ചാടിയും കുന്നുകളിന്മേൽ കുതിച്ചുംകൊണ്ടു വരുന്നു.

ഉത്ത. 2:9 എന്റെ പ്രിയൻ ചെറുമാനിന്നും കലക്കുട്ടിക്കും തുല്യൻ; ഇതാ, അവൻ നമ്മുടെ മതില്ക്കു പുറമേ നില്ക്കുന്നു; അവൻ കിളിവാതിലൂടെ നോക്കുന്നു; അഴിക്കിടയിൽകൂടി ഒളിഞ്ഞുനോക്കുന്നു.

1 കൊരി. 12:15 ഞാൻ കൈ അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് കാൽ പറയുന്നു എങ്കിൽ, ഇതു നിമിത്തം അത് ശരീരത്തിലുള്ളതല്ല എന്നു വരുന്നില്ല.

1 കൊരി. 12:16 ഞാൻ കണ്ണ് അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് ചെവി പറയുന്നു എങ്കിൽ, ഇതു നിമിത്തം അത് ശരീരത്തിലുള്ളതല്ല എന്നും വരുന്നില്ല.

d. നാം സ്വയത്തിലായിരിക്കുമ്പോൾ, സഭയാലോ നേതൃത്വത്തിലുള്ളവരാലോ വിശുദ്ധന്മാരാലോ നമുക്ക് വ്രണപ്പെടുവാൻ കഴിയും—മത്താ. 6:14-15; 18:21-35; മർക്കൊ. 11:25-26; കൊലൊ. 3:13.

മത്താ. 6:14 എന്തെന്നാൽ നിങ്ങൾ മനുഷ്യരോട് അവരുടെ അതിക്രമങ്ങളെ ക്ഷമിച്ചാൽ, നിങ്ങളുടെ സ്വർഗീയ പിതാവ് നിങ്ങളോടും ക്ഷമിക്കും;

മത്താ. 6:15 എന്നാൽ നിങ്ങൾ മനുഷ്യരോട് അവരുടെ അതിക്രമങ്ങളെ ക്ഷമിക്കാതിരുന്നാൽ, നിങ്ങളുടെ പിതാവ് നിങ്ങളുടെ അതിക്രമങ്ങളെയും ക്ഷമിക്കുകയില്ല.

മത്താ. 18:21 അപ്പോൾ പത്രൊസ് അടുക്കൽവന്ന് അവനോട്, കർത്താവേ, എന്റെ സഹോദരൻ എത്രവട്ടം എനിക്കെതിരെ പാപം ചെയ്യുകയും ഞാൻ അവനോടു ക്ഷമിക്കുകയും ചെയ്യും? ഏഴു വട്ടം വരെയോ? എന്നു ചോദിച്ചു.

മത്താ. 18:22 യേശു അവനോടു പറഞ്ഞു, ഏഴുവട്ടം വരെ എന്നല്ല,

ഏഴ് എഴുപതുവട്ടം വരെ എന്നത്രേ ഞാൻ നിന്നോടു പറയുന്നത്.

മത്താ. 18:23 ഇക്കാരണത്താൽ സ്വർഗരാജ്യം തന്റെ അടിമകളുമായി കണക്കുതീർക്കുവാൻ ആഗ്രഹിച്ച രാജാവിനോടു സദൃശമായി തീർന്നിരിക്കുന്നു.

മത്താ. 18:24 അവൻ കണക്കു തീർക്കുവാൻ തുടങ്ങിയപ്പോൾ പതിനായിരം താലന്ത് കടക്കാരനായ ഒരുവനെ അവന്റെ അടുക്കൽ കൊണ്ടുവന്നു.

മത്താ. 18:25 എന്നാൽ അവനു മടക്കിക്കൊടുക്കുവാൻ വകയില്ലാത്തതുകൊണ്ട്, യജമാനൻ അവനെയും അവന്റെ ഭാര്യയെയും മക്കളെയും അവനുള്ളതൊക്കെയും വിറ്റു മടക്കിത്തരുവാൻ കല്പിച്ചു.

മത്താ. 18:26 അപ്പോൾ ആ അടിമ, എന്നോടു ക്ഷമ കാണിക്കേണമേ; ഞാൻ സകലവും നിനക്കു തിരികെ നൽകിക്കൊള്ളാം എന്നു പറഞ്ഞുകൊണ്ട് വീണു അവനെ ആരാധിച്ചു.

മത്താ. 18:27 ആ അടിമയുടെ യജമാനനു മനസ്സലിവുണ്ടായിട്ട് അവനെ വിട്ടയച്ചു, കടത്തെ അവനോടു ക്ഷമിക്കുകയും ചെയ്തു.

മത്താ. 18:28 എന്നാൽ ആ അടിമ പുറത്തു പോയി തന്നോട് നൂറു ദെനാറിയ കടപ്പെട്ടിരുന്ന തന്റെ കൂട്ടടിമകളിൽ ഒരുവനെ കണ്ടെത്തി അവനെ പിടിച്ചു, നീ കടപ്പെട്ടിരിക്കുന്നത് എനിക്കു തിരികെ നൽകുക എന്നു പറഞ്ഞുകൊണ്ട് അവന്റെ കഴുത്തു ഞെരുക്കുവാൻ തുടങ്ങി.

മത്താ. 18:29 അപ്പോൾ അവന്റെ കൂട്ടടിമ, എന്നോട് ക്ഷമ കാണിക്കേണമേ, ഞാൻ സകലതും തിരികെ നൽകിക്കൊള്ളാം എന്നു പറഞ്ഞുകൊണ്ട് വീണ് അവനോടു യാചിച്ചു.

മത്താ. 18:30 എന്നാൽ അവൻ ക്ഷമ കാണിച്ചില്ല; പകരം, അവൻ പോയി, കടപ്പെട്ടിരുന്നത് തിരികെ നൽകുവോളം അവനെ കാരാഗൃഹത്തിലേക്ക് എറിഞ്ഞു.

മത്താ. 18:31 നടന്നതു കണ്ടിട്ട്, അവന്റെ കൂട്ടടിമകൾ അത്യന്തം ദുഃഖിച്ച്, വന്ന് തങ്ങളുടെ യജമാനനോടു നടന്നതെല്ലാം വിവരിച്ചുപറഞ്ഞു.

മത്താ. 18:32 അപ്പോൾ അവന്റെ യജമാനൻ അവനെ തന്റെ അടുക്കൽ വിളിച്ച് അവനോടു പറഞ്ഞു, ദുഷ്ട അടിമയേ, എന്നോടു നീ യാചിച്ചതുകൊണ്ട് ആ കടമെല്ലാം ഞാൻ നിന്നോടു ക്ഷമിച്ചു.

മത്താ. 18:33 എനിക്കു നിന്നോടു കരുണയുണ്ടായതുപോലെ നിനക്കും നിന്റെ കൂട്ടടിമയോടു

കരുണയുണ്ടാകേണ്ടതല്ലയോ?

മത്താ. 18:34 അവന്റെ യജമാനനോ കോപിച്ചിട്ട് കടപ്പെട്ടിരുന്നതെല്ലാം അവൻ മടക്കിത്തരും വരെ ദണ്ഡിപ്പിക്കുന്നവർക്ക് അവനെ ഏൽപ്പിച്ചു.

മത്താ. 18:35 നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ ഹൃദയങ്ങളിൽനിന്ന് തന്റെ സഹോദരനോട് ക്ഷമിച്ചില്ല എങ്കിൽ ഇങ്ങനെതന്നെ എന്റെ സ്വർഗീയ പിതാവ് നിങ്ങളോടും ചെയ്യും.

മർക്കൊ. 11:25 നിങ്ങൾ പ്രാർഥിച്ചുകൊണ്ട് നിൽക്കുമ്പോൾ, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ അതിക്രമങ്ങളെ നിങ്ങളോടും ക്ഷമിക്കേണ്ടതിന്, ആർക്കെങ്കിലും എതിരായി നിങ്ങൾക്ക് എന്തെങ്കിലും ഉണ്ടെങ്കിൽ, നിങ്ങൾ ക്ഷമിക്കുവിൻ.

മർക്കൊ. 11:26 എന്നാൽ നിങ്ങൾ ക്ഷമിക്കുന്നില്ലെങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവും നിങ്ങളുടെ അതിക്രമങ്ങൾ ക്ഷമിക്കുകയില്ല.

കൊലൊ. 3:13 ആർക്കെങ്കിലും എതിരായി ഒരുവന് പരാതിയുണ്ടെങ്കിൽ, അന്യോന്യം വഹിക്കുകയും അന്യോന്യം ക്ഷമിക്കുകയും ചെയ്യുവിൻ; കർത്താവ് നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും അങ്ങനെതന്നെ ക്ഷമിക്കണം.

e. സ്വയത്തോടുകൂടെ നിരാശയും നിരുത്സാഹവും ഉണ്ട്—പ്ര.നി. റോമ. 8:28-29; 2 കൊരി. 4:1.

റോമ. 8:28 ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

2 കൊരി. 4:1 അതുകൊണ്ട് ഞങ്ങളോട് കരുണ കാണിച്ചതുപോലെ ഈ ശുശ്രൂഷ ഉള്ളതുകൊണ്ട്, ഞങ്ങൾ അധൈര്യപ്പെടുന്നില്ല;

f. സ്വയത്തോടുകൂടെ സ്വയ-സ്നേഹവും, സ്വയം-കാത്തുസൂക്ഷിക്കലും, സ്വയ-അന്വേഷണവും, സ്വയ-സഹതാപവും ഉണ്ട്—മത്താ. 13:5, 20-21.

മത്താ. 13:5 വേറെ ചിലത് അധികം മണ്ണില്ലാത്ത പാറസ്ഥലങ്ങളിന്മേൽ വീണു, മണ്ണിനു താഴ്ച്ചയില്ലാത്തതിനാൽ അവ പെട്ടെന്നു മുളച്ചുവന്നു.

മത്താ. 13:20 പാറകളിന്മേൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേട്ടിട്ട് ഉടനെ സന്തോഷത്തോടുകൂടി അതിനെ

കൈക്കൊള്ളുന്നവൻ ആകുന്നു.

മത്താ. 13:21 എങ്കിലും അവനു തന്നിൽത്തന്നെ വേരില്ല, ക്ഷണനേരം മാത്രം നിൽക്കുന്നു, വചനം നിമിത്തം ക്ലേശമോ ഉപദ്രവമോ ഉണ്ടാകുമ്പോൾ, ഉടനെ അവൻ ഇടറിപ്പോകുന്നു.

g. സ്വയത്തോടുകൂടെ പിറുപിറുപ്പുകളും ന്യായവാദങ്ങളും ഉണ്ട്—പുറ. 16:1-9; ഫിലി. 2:14.

പുറ. 16:1 അവർ ഏലീമിൽനിന്നു യാത്രപുറപ്പെട്ടു; യിസ്രായേൽമക്കൾ മിസ്രയീംദേശത്തുനിന്നു പുറപ്പെട്ട രണ്ടാം മാസം പതിനഞ്ചാം തിയ്യതി അവരുടെ സംഘം ഒക്കെയും ഏലീമിന്നും സീനായിക്കും മദ്ധ്യേ ഉള്ള സീൻമരുഭൂമിയിൽ വന്നു.

പുറ. 16:2 ആ മരുഭൂമിയിൽവെച്ചു യിസ്രായേൽമക്കളുടെ സംഘം ഒക്കെയും മോശെക്കും അഹരോന്നും വിരോധമായി പിറുപിറുത്തു.

പുറ. 16:3 യിസ്രായേൽമക്കൾ അവരോടു: ഞങ്ങൾ ഇറച്ചിക്കലങ്ങളുടെ അടുക്കലിരിക്കയും തൃപ്തിയാകുംവണ്ണം ഭക്ഷണം കഴിക്കയും ചെയ്ത മിസ്രയീംദേശത്തു വെച്ചു യഹോവയുടെ കയ്യാൽ മരിച്ചിരുന്നു എങ്കിൽ കൊള്ളായിരുന്നു. നിങ്ങൾ ഈ സംഘത്തെ മുഴുവനും പട്ടിണിയിട്ടു കൊല്ലുവാൻ ഈ മരുഭൂമിയിലേക്കു കൂട്ടിക്കൊണ്ടു വന്നിരിക്കുന്നു എന്നു പറഞ്ഞു.

പുറ. 16:4 അപ്പോൾ യഹോവ മോശെയോടു: ഞാൻ നിങ്ങൾക്കു ആകാശത്തുനിന്നു അപ്പം വർഷിപ്പിക്കും; ജനം എന്റെ ന്യായപ്രമാണം അനുസരിക്കുമോ ഇല്ലയോ എന്നു ഞാൻ അവരെ പരീക്ഷിക്കേണ്ടതിന്നു അവർ പുറപ്പെട്ടു ഓരോ ദിവസത്തേക്കു വേണ്ടതു അന്നന്നു പെറുക്കിക്കൊള്ളേണം.

പുറ. 16:5 എന്നാൽ ആറാം ദിവസം അവർ കൊണ്ടുവരുന്നതു ഒരുക്കുമ്പോൾ ദിവസംപ്രതി പെറുക്കുന്നതിന്റെ ഇരട്ടി കാണും എന്നു അരുളിച്ചെയ്തു.

പുറ. 16:6 മോശെയും അഹരോനും യിസ്രായേൽമക്കളോടു ഒക്കെയും: നിങ്ങളെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്നതു യഹോവ തന്നേ എന്നു ഇന്നു വൈകുന്നേരം നിങ്ങൾ അറിയും.

പുറ. 16:7 പ്രഭാതകാലത്തു നിങ്ങൾ യഹോവയുടെ തേജസ്സു കാണും; യഹോവയുടെ നേരെയുള്ള നിങ്ങളുടെ പിറുപിറുപ്പു അവൻ കേട്ടിരിക്കുന്നു; നിങ്ങൾ ഞങ്ങളുടെ നേരെ പിറുപിറുക്കുവാൻ ഞങ്ങൾ എന്തുള്ളു എന്നു പറഞ്ഞു.

പുറ. 16:8 മോശെ പിന്നെയും: യഹോവ നിങ്ങൾക്കു തിന്നുവാൻ വൈകുന്നേരത്തു മാംസവും പ്രഭാതകാലത്തു തൃപ്തിയാകുംവണ്ണം അപ്പവും തരുമ്പോൾ നിങ്ങൾ അറിയും; യഹോവയുടെ നേരെ നിങ്ങൾ പിറുപിറുക്കുന്നതു അവൻ കേൾക്കുന്നു; ഞങ്ങൾ എന്തുള്ളു? നിങ്ങളുടെ പിറുപിറുപ്പു ഞങ്ങളുടെ നേരെയല്ല, യഹോവയുടെ നേരെയത്രേ എന്നു പറഞ്ഞു.

പുറ. 16:9 അഹരോനോടു: മോശെ: യഹോവയുടെ മുമ്പാകെ അടുത്തുവരുവിൻ; അവൻ നിങ്ങളുടെ പിറുപിറുപ്പു കേട്ടിരിക്കുന്നു എന്നു യിസ്രായേൽമക്കളുടെ സർവ്വസംഘത്തോടും പറക എന്നു പറഞ്ഞു.

ഫിലി. 2:14 വക്രവും വികടവുമായ തലമുറയുടെ മധ്യേ നിങ്ങൾ കുറ്റമില്ലാത്തവരും കളങ്കമില്ലാത്തവരുമായി, നിഷ്കളങ്കരായ ദൈവമക്കൾ ആകേണ്ടതിന്, സകലവും പിറുപിറുപ്പുകളും വാദങ്ങളും കൂടാതെ ചെയ്യുവിൻ.

h. സ്വയത്തോടുകൂടെ സ്വാഭാവികമായ അഭിരുചിയെയും മുൻഗണനയെയും അടിസ്ഥാനമാക്കിയുള്ള സ്വാഭാവിക സ്നേഹബന്ധങ്ങൾ (സൗഹൃദങ്ങൾ) ഉണ്ട്—മത്താ. 12:46-50; ഫിലി. 2:2; 1 കൊരി. 12:25.

മത്താ. 12:46 അവൻ പുരുഷാരത്തോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ഇതാ, അവന്റെ അമ്മയും സഹോദരന്മാരും അവനോടു സംസാരിക്കുവാൻ അന്വേഷിച്ചുകൊണ്ട് പുറത്തു നിന്നു.

മത്താ. 12:47 ആരോ അവനോട്, ഇതാ, നിന്റെ അമ്മയും നിന്റെ സഹോദരന്മാരും നിന്നോടു സംസാരിക്കുവാൻ അന്വേഷിച്ചുകൊണ്ട് പുറത്തു നിൽക്കുന്നു എന്നു പറഞ്ഞു.

മത്താ. 12:48 എന്നാൽ തന്നോടു സംസാരിച്ചവനോട് അവൻ ഉത്തരം നൽകി, എന്റെ അമ്മ ആരാകുന്നു? എന്റെ സഹോദരന്മാരും ആരാകുന്നു? എന്നു ചോദിച്ചു.

മത്താ. 12:49 തന്റെ ശിഷ്യന്മാരുടെ നേർക്കു തന്റെ കൈ നീട്ടി അവൻ പറഞ്ഞു, ഇതാ, എന്റെ അമ്മയും എന്റെ സഹോദരന്മാരും!

മത്താ. 12:50 സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ ആരോ, അവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു.

ഫിലി. 2:2 നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്, ഒരേ സ്നേഹം ഉള്ളവരായി, ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്,

1 കൊരി. 12:25 അത് ശരീരത്തിൽ ഒരു ഭിന്നതയും ഇല്ലാതെ, അവയവങ്ങൾ അന്യോന്യം ഒരേ കരുതൽ ഉണ്ടായിരിക്കേണ്ടതിനത്രേ.

i. സ്വയത്തോടുകൂടെ അഭിപ്രായവും ഭിന്നാഭിപ്രായമുള്ള കാര്യങ്ങളുണ്ട്—യോഹ. 11:21, 23-28, 39; പ്രവൃ. 15:35-39; പ്ര.നി. 1 കൊരി. 7:25, 40.

യോഹ. 11:21 അപ്പോൾ മാർത്ത യേശുവിനോട്, കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു.

യോഹ. 11:23 യേശു അവളോട്, നിന്റെ സഹോദരൻ വീണ്ടും ഉയിർക്കും എന്നു പറഞ്ഞു.

യോഹ. 11:24 മാർത്ത അവനോട്, അവസാനനാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കും എന്ന് എനിക്കറിയാം എന്നു പറഞ്ഞു.

യോഹ. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

യോഹ. 11:26 ജീവിച്ചിരുന്ന് എന്നിലേക്കു വിശ്വസിക്കുന്ന ഏവനും, ഒരുവിധത്തിലും ഒരുനാളും മരിക്കുകയില്ല. ഇതു നീ വിശ്വസിക്കുന്നുവോ? എന്നു പറഞ്ഞു.

യോഹ. 11:27 അവൾ അവനോട്, ഉവ്വ്, കർത്താവേ; നീ ലോകത്തിലേക്കു വരുന്ന ദൈവപുത്രനായ ക്രിസ്തു ആകുന്നു എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു എന്നു പറഞ്ഞു.

യോഹ. 11:28 ഇതു പറഞ്ഞശേഷം, അവൾ പോയി തന്റെ സഹോദരിയായ മറിയയെ രഹസ്യമായി വിളിച്ചു, ഗുരു ഇവിടെയുണ്ട് നിന്നെ വിളിക്കുന്നു എന്നു പറഞ്ഞു.

യോഹ. 11:39 കല്ല് എടുത്തുമാറ്റുവിൻ എന്ന് യേശു പറഞ്ഞു. മരിച്ചവന്റെ സഹോദരിയായ മാർത്ത അവനോട്, കർത്താവേ, അവൻ അവിടെയായിട്ട് നാലാം നാളാകുന്നതിനാൽ ഇപ്പോൾ നാറ്റം വച്ചിരിക്കുന്നു, എന്നു പറഞ്ഞു.

പ്രവൃ. 15:35 പൗലൊസും ബർന്നബാസും, മറ്റനേകരോടുകൂടെ കർത്താവിന്റെ വചനം സുവിശേഷമായി ഉപദേശിച്ചും അറിയിച്ചുംകൊണ്ട് അന്ത്യൊക്യയിൽ താമസിച്ചു.

പ്രവൃ. 15:36 അങ്ങനെ ചില ദിവസങ്ങൾക്കു ശേഷം പൗലൊസ് ബർന്നബാസിനോട്, നാം കർത്താവിന്റെ വചനം അറിയിച്ച എല്ലാ പട്ടണങ്ങളിലേക്കും ഇപ്പോൾ മടങ്ങിപ്പോയി സഹോദരന്മാരെ സന്ദർശിച്ച്, അവർ എങ്ങനെയിരിക്കുന്നു എന്നു നോക്കാം എന്നു പറഞ്ഞു.

പ്രവൃ. 15:37 മർക്കൊസ് എന്നു വിളിക്കപ്പെട്ട യോഹന്നാനെയും അവരോടൊപ്പം കൊണ്ടുപോകുവാൻ ബർന്നബാസ് ഇച്ഛിച്ചു;

പ്രവൃ. 15:38 എന്നാൽ പംഫുല്യയിൽ നിന്ന് അവരോടുകൂടെ

വേലയ്ക്കു പോകാതെ അവരിൽ നിന്ന് പിൻവാങ്ങിപ്പോയവനെ അവരോടൊപ്പം കൂട്ടുന്നത് പൗലൊസ് യോഗ്യമായി കരുതിയില്ല.

പ്രവൃ. 15:39 അവർ തമ്മിൽ വേർപിരിയുവാൻ തക്കവണ്ണം ഒരു ഉഗ്രവാദം ഉണ്ടായി; ബർന്നബാസ് മർക്കൊസിനെ കൂടെക്കൂട്ടി കുപ്രൊസിലേക്ക് കപ്പൽ കയറി.

1 കൊരി. 7:25 കന്യകമാരെക്കുറിച്ച് എനിക്ക് കർത്താവിന്റെ കൽപന ഇല്ല, എന്നാൽ വിശ്വസ്തനായിരിക്കുവാൻ കർത്താവിനാൽ കരുണ ലഭിച്ചവനായി ഞാൻ എന്റെ അഭിപ്രായം നൽകുന്നു.

1 കൊരി. 7:40 എന്നാൽ എന്റെ അഭിപ്രായത്തിൽ, അവൾ അങ്ങനെതന്നെ തുടരുന്നുവെങ്കിൽ ഏറെ അനുഗൃഹീതയാകുന്നു; ദൈവത്തിന്റെ ആത്മാവ് എനിക്കും ഉണ്ടെന്നു തോന്നുന്നു.

j. നാം സ്വയത്തിലായിരിക്കുമ്പോൾ, നാം വ്യക്തിപരതയുള്ളവരും സ്വതന്ത്രരുമാണ്—16:12.

1 കൊരി. 16:12 നമ്മുടെ സഹോദരൻ അപ്പൊല്ലോസിനെ സംബന്ധിച്ചോ, സഹോദരന്മാരോടുകൂടെ നിങ്ങളുടെ അടുക്കൽ വരുവാൻ ഞാൻ പല തവണ അവനെ ഉൽസാഹിപ്പിച്ചു; എങ്കിലും ഇപ്പോൾ വരുന്നത് അവന് ഒട്ടും ഇഷ്ടമല്ലായിരുന്നു, എന്നാൽ അവന് അവസരം ഉള്ളപ്പോൾ വരും.

5. സ്വയത്തെ പൂട്ടിവയ്ക്കുവാൻ നാം സ്വയത്തെ ത്യജിക്കുന്നതിന്റെ താക്കോൽ പ്രയോഗിക്കുന്നുവെങ്കിൽ, നമ്മെ വ്രണപ്പെടുത്തുവാൻ അസാധ്യമായിരിക്കും; വ്രണപ്പെടാതിരിക്കുന്നവർ അനുഗൃഹീതരാകുന്നു—പ്ര.നി. ലൂക്കൊ. 23:34; പ്രവൃ. 7:60:

ലൂക്കൊ. 23:34 യേശുവോ, പിതാവേ, അവരോട് ക്ഷമിക്കേണമേ, അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല എന്നു പറഞ്ഞു. പിന്നെ അവന്റെ വസ്ത്രങ്ങളെ വീതിച്ചുകൊണ്ട്, അവർ നറുക്കിട്ടു.

പ്രവൃ. 7:60 അവൻ മുട്ടുകുത്തി, കർത്താവേ ഈ പാപം അവർക്കെതിരെ നിർത്തരുതേ എന്ന് ഉച്ചത്തിൽ നിലവിളിച്ചു. ഇതു പറഞ്ഞശേഷം, അവൻ നിദ്രപ്രാപിച്ചു.

a. നമ്മെ വ്രണപ്പെടുത്തുവാൻ കഴിയുമെങ്കിൽ, അത് നാം സ്വയത്താൽ നിറഞ്ഞവരാണെന്നതിന്റെ തെളിവാണ്.

b. എന്റെ സ്വയം പൂട്ടിവയ്ക്കപ്പെട്ടിരിക്കുന്നെങ്കിൽ, നിങ്ങൾ എന്നോട് എന്തു ചെയ്താലും, നിങ്ങൾ എന്നോട് എങ്ങനെ പെരുമാറിയാലും, ഞാൻ വ്രണപ്പെടുകയില്ല—ലൂക്കൊ. 23:34; പ്രവൃ. 7:60.

ലൂക്കൊ. 23:34 യേശുവോ, പിതാവേ, അവരോട് ക്ഷമിക്കേണമേ, അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല എന്നു പറഞ്ഞു. പിന്നെ അവന്റെ വസ്ത്രങ്ങളെ വീതിച്ചുകൊണ്ട്, അവർ നറുക്കിട്ടു.

പ്രവൃ. 7:60 അവൻ മുട്ടുകുത്തി, കർത്താവേ ഈ പാപം

അവർക്കെതിരെ നിർത്തരുതേ എന്ന് ഉച്ചത്തിൽ നിലവിളിച്ചു. ഇതു പറഞ്ഞശേഷം, അവൻ നിദ്രപ്രാപിച്ചു.

6. ഏതു സാഹചര്യത്തിലും സ്വയത്തെ പൂട്ടിവയ്ക്കുന്നതിന് സ്വയത്തെ ത്യജിക്കുന്നതിനുള്ള താക്കോൽ പ്രയോഗിക്കുവാൻ നാം പഠിക്കേണ്ടതുണ്ട്:
   a. ഒരു സാഹചര്യം നമുക്ക് അനുകൂലമായാലും, നമുക്ക് പ്രതികൂലമായാലും, സഹോദരന്മാർ നമ്മെ സ്നേഹിച്ചാലും വെറുത്താലും, നാം സ്വയത്തെ പൂട്ടിവയ്ക്കണം—2 കൊരി. 12:15.

      2 കൊരി. 12:15 എന്നാൽ ഞാൻ നിങ്ങളുടെ ദേഹികൾ നിമിത്തം അതിസന്തോഷത്തോടെ ചെലവിടുകയും തീർത്തും ചെലവായിപ്പോകുകയും ചെയ്യും. ഞാൻ നിങ്ങളെ അത്യധികമായി സ്നേഹിക്കുന്നെങ്കിൽ, എന്നെ അൽപമായി സ്നേഹിക്കുന്നുവോ?

   b. സ്വയത്തെ പൂട്ടിവയ്ക്കുന്നുവെങ്കിൽ സഭ പണിയപ്പെടും.

B. ക്രൂശെടുക്കുന്നതിന്റെ താക്കോൽ പ്രയോഗിക്കുവാൻ നാം പഠിക്കേണ്ടതുണ്ട്—മത്താ. 16:24:

   മത്താ. 16:24 അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ.

1. ക്രൂശെടുക്കുകയെന്നാൽ കേവലം ദൈവഹിതം എടുക്കുക എന്നാണർഥം; ക്രൂശ് ദൈവഹിതമാണ്—26:39; യോഹ. 18:11:

   മത്താ. 26:39 പിന്നെ അൽപം മുമ്പോട്ടുപോയി അവൻ കവിണ്ണുവീണ്, എന്റെ പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുന്നതുപോലെയല്ല, എന്നാൽ നീ ഇച്ഛിക്കുന്നതുപോലെ എന്നു പറഞ്ഞുകൊണ്ട് പ്രാർഥിച്ചു.

   യോഹ. 18:11 അതുകൊണ്ട് യേശു പത്രൊസിനോട്, വാൾ അതിന്റെ ഉറയിലേക്ക് ഇടുക. പിതാവ് എനിക്കു നൽകിയിരിക്കുന്ന പാനപാത്രം ഞാൻ കുടിക്കേണ്ടയോ? എന്നു ചോദിച്ചു.

   a. കർത്താവായ യേശു ഒരു കുറ്റവാളിയെപ്പോലെ ക്രൂശിലേക്ക് പോകുവാൻ നിർബന്ധിക്കപ്പെട്ടിരുന്നില്ല; ക്രൂശ് ദൈവത്തിന്റെ ഹിതമായിരുന്നതുകൊണ്ടാണ് അവൻ പോകുവാൻ മനസ്സുള്ളവനായിരുന്നത്—മത്താ. 26:39.

      മത്താ. 26:39 പിന്നെ അൽപം മുമ്പോട്ടുപോയി അവൻ കവിണ്ണുവീണ്, എന്റെ പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുന്നതുപോലെയല്ല, എന്നാൽ നീ ഇച്ഛിക്കുന്നതുപോലെ എന്നു പറഞ്ഞുകൊണ്ട് പ്രാർഥിച്ചു.

   b. തന്റെ മരണത്തിലൂടെ സഭ ഉളവാക്കപ്പെടുവാനും പണിയപ്പെടുവാനുമായി തന്റെ ജീവൻ വിടുവിക്കത്തക്കവണ്ണം കർത്താവായ യേശു ക്രൂശിക്കപ്പെടുവാൻ മനസ്സുള്ളവനായിരുന്നു—യോഹ. 12:24.

      യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ,

അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

c. ക്രൂശ് കർത്താവിന് വലിയ കഷ്ടമായിരുന്നു, എന്നാൽ അവൻ കഷ്ടത്തിനു വേണ്ടിയല്ല, മറിച്ച് ദൈവത്തിന്റെ ഉദ്ദേശ്യത്തിനു വേണ്ടിയായിരുന്നു കരുതിയത്—എബ്രാ. 12:2; കൊലൊ. 1:24.

എബ്രാ. 12:2 നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.

കൊലൊ. 1:24 ഇപ്പോൾ ഞാൻ നിങ്ങൾക്കു വേണ്ടിയുള്ള എന്റെ കഷ്ടതകളിൽ സന്തോഷിക്കുകയും ക്രിസ്തുവിന്റെ പീഡകളിൽ കുറവുള്ളത് എന്റെ ജഡത്തിൽ അവന്റെ ശരീരമായ സഭയ്ക്കുവേണ്ടി എന്റെ ഭാഗത്ത് പൂരിപ്പിക്കുകയും ചെയ്യുന്നു;

2. *അവൻ തന്റെ ക്രൂശെടുക്കട്ടെ* (മത്താ. 16:24) എന്നത് അർഥമാക്കുന്നത് ക്രൂശ് വഹിക്കുവാൻ നാം നിർബന്ധിക്കപ്പെടുന്നില്ല, മറിച്ച് നാം അത് മനസ്സോടെ എടുക്കുന്നു എന്നാണ്.

മത്താ. 16:24 അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ.

a. നമ്മുടെ ഭർത്താവും ഭാര്യയും മക്കളും ദൈവത്തിന്റെ ഹിതമാണ്, അതിനാൽ നമ്മുടെ ക്രൂശുമാണ്.

b. ഏക സഭ ദൈവത്തിന്റെ ഹിതമാണ്, സഭയിലുള്ള ഓരോ സഹോദരനും സഹോദരിയും ദൈവത്തിന്റെ ഹിതമാണ്; അങ്ങനെ, ക്രൂശ് വഹിക്കുകയെന്നാൽ, നമുക്ക് യഥാർഥ ഒരുമ ഉണ്ടായിരിക്കത്തക്കവണ്ണം, സഭയെ വഹിക്കുകയും എല്ലാ വിശുദ്ധന്മാരെയും വഹിക്കുകയും ചെയ്യുക എന്നതാണ്—യോഹ. 17: 21-23; എഫെ. 4:3, 13; 1 കൊരി. 1:10; ഫിലി. 2:2.

യോഹ. 17:21 നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിന്, അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ.

യോഹ. 17:22 നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു;

യോഹ. 17:23 നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചിരിക്കുന്നതുപോലെ അവരെ സ്നേഹിച്ചിരിക്കുന്നു എന്നും ലോകം അറിയേണ്ടതിനു,

ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ.

എഫെ. 4:3 ആത്മാവിന്റെ ഒരുമ സമാധാനത്തിന്റെ ഏകീകരണ ബന്ധത്തിൽ കാക്കുവാൻ ശുഷ്കാന്തിയുള്ളവരായിരുന്നുകൊണ്ട് തന്നെ:

എഫെ. 4:13 ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു,

1 കൊരി. 1:10 സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒരേ കാര്യം സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ വിഭാഗങ്ങൾ ഇല്ലാതെ, ഒരേ മനസ്സിലും ഒരേ അഭിപ്രായത്തിലും പൊരുത്തപ്പെടണം എന്ന് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമം മുഖാന്തരം ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.

ഫിലി. 2:2 നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്, ഒരേ സ്നേഹം ഉള്ളവരായി, ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്,

3. നാം ക്രൂശെടുക്കുക മാത്രമല്ല, നമ്മുടെ ക്രൂശ് വഹിക്കുകയും ചെയ്യേണ്ടതാവശ്യമാണ്, അതായത്, നമ്മുടെ പഴയ മനുഷ്യനെ അനുദിനം ക്രൂശിന്റെ അവസാനിപ്പിക്കലിൻകീഴിൽ വച്ചുകൊണ്ട് ക്രൂശിൽ തുടരേണ്ടത് ആവശ്യമാണ്—ലൂക്കൊ. 14:27; റോമ. 6:6; ഗലാ. 2:20; ഫിലി. 3:10; 1 കൊരി. 15:31:

ലൂക്കൊ. 14:27 തന്റെ സ്വന്തം ക്രൂശ് എടുത്ത് എന്റെ പിന്നാലെ വരാത്ത ഏവനും എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല.

റോമ. 6:6 നാം ഇനി അടിമകളായി പാപത്തെ സേവിക്കാതിരിക്കുവാൻ, നമ്മുടെ പാപശരീരം അസാധുവാക്കപ്പെടേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നത് അറിഞ്ഞുകൊണ്ട് തന്നെ;

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

ഫിലി. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

1 കൊരി. 15:31 സഹോദരന്മാരേ, നമ്മുടെ കർത്താവായ ക്രിസ്തു യേശുവിൽ എനിക്കു, നിങ്ങളിലുള്ള പ്രശംസയാൽ, ഞാൻ ദിവസവും മരിക്കുന്നു.

a. കർത്താവിന്റെ ക്രൂശുമരണത്തിലൂടെ നാം ദിവ്യജീവൻ പ്രാപിച്ചു; ഇപ്പോൾ, ഈ ജീവനിൽ പണിയപ്പെടുന്നതിന് നാം മനസ്സോടെയും സന്തോഷത്തോടെയും ക്രൂശെടുക്കേണ്ടതാവശ്യമാണ്.

b. നമ്മുടെ അഭിരുചിക്കോ അനുഭൂതിക്കോ, അവബോധത്തിനോ വേണ്ടി നാം കരുതരുത്; മറിച്ച്, നമുക്ക് യഥാർഥ ഒരുമ ഉണ്ടായിരിക്കേണ്ടതിന് ദൈവത്തിന്റെ ഹിതത്തിനുവേണ്ടി മാത്രം നാം കരുതണം—17:21-23; എഫെ. 4:3, 13; 1 കൊരി. 1:10; ഫിലി. 2:2.

യോഹ. 17:21 നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിന്, അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ.

യോഹ. 17:22 നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു;

യോഹ. 17:23 നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചിരിക്കുന്നതുപോലെ അവരെ സ്നേഹിച്ചിരിക്കുന്നു എന്നും ലോകം അറിയേണ്ടതിനു, ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ.

എഫെ. 4:3 ആത്മാവിന്റെ ഒരുമ സമാധാനത്തിന്റെ ഏകീകരണ ബന്ധത്തിൽ കാക്കുവാൻ ശുഷ്കാന്തിയുള്ളവരായിരുന്നുകൊണ്ട് തന്നെ:

എഫെ. 4:13 ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു,

1 കൊരി. 1:10 സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒരേ കാര്യം സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ വിഭാഗങ്ങൾ ഇല്ലാതെ, ഒരേ മനസ്സിലും ഒരേ അഭിപ്രായത്തിലും പൊരുത്തപ്പെടണം എന്ന് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമം മുഖാന്തരം ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.

ഫിലി. 2:2 നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്, ഒരേ സ്നേഹം ഉള്ളവരായി, ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്,

C. ദേഹിജീവനെ നഷ്ടപ്പെടുത്തുന്നതിനുള്ള താക്കോൽ പ്രയോഗിക്കുവാൻ നാം പഠിക്കണം—മത്താ. 16:25:

മത്താ. 16:25 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും.

1. ദേഹിജീവനെ രക്ഷിക്കുകയെന്നാൽ ദേഹിയെ അതിന്റെ ആസ്വാദനം ഉണ്ടായിരിക്കുവാൻ അനുവദിച്ചുകൊണ്ട് സ്വയത്തെ പ്രസാദിപ്പിക്കുന്നതാണ്; ദേഹിജീവനെ നഷ്ടപ്പെടുത്തുകയെന്നാൽ ദേഹിയുടെ ആസ്വാദനം നഷ്ടപ്പെടുത്തുകയാണ്.
   a. ദൈവം മനുഷ്യനെ ആസ്വാദനം ആവശ്യമുള്ള ഒരു ദേഹിയായി സൃഷ്ടിച്ചു (ഉല്പ. 2:7).

      ഉല്പ. 2:7 യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു.

   b. മനുഷ്യന്റെ ആത്മാവിലേക്ക് ദൈവത്തെ സ്വീകരിക്കുന്നതും ദേഹിയിലൂടെ ദൈവത്തെ ആവിഷ്കരിക്കുന്നതും മനുഷ്യന്റെ ആനന്ദവും വിനോദവും ആയിരിക്കണം —പ്ര.നി. നെഹെ. 8:10; റോമ. 14:17.

      നെഹെ. 8:10 അനന്തരം അവർ അവരോടു: നിങ്ങൾ ചെന്നു മൃഷ്ടാന്നഭോജനവും മധുരപാനീയവും കഴിച്ചു തങ്ങൾക്കായി വട്ടംകൂട്ടീട്ടില്ലാത്തവർക്കു പകർച്ച കൊടുത്തയപ്പിൻ; ഈ ദിവസം നമ്മുടെ കർത്താവിന്നു വിശുദ്ധമാകുന്നു; നിങ്ങൾ ദുഃഖിക്കരുതു; യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലോ എന്നു പറഞ്ഞു.

      റോമ. 14:17 എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.

   c. വരുവാനുള്ള യുഗത്തിൽ തന്റെ ദേഹിജീവനെ കണ്ടെത്തേണ്ടതിന് കർത്താവായ യേശു ഈ യുഗത്തിൽ തന്റെ ദേഹിയുടെ ആസ്വാദനത്തെ നഷ്ടപ്പെടുത്തി (യോഹ. 10:11; യെശ. 53:12); നാമും അങ്ങനെതന്നെ ചെയ്യണം (യോഹ. 12:24-26).

      യോഹ. 10:11 ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ വച്ചുകൊടുക്കുന്നു.

      യെശ. 53:12 അതുകൊണ്ടു ഞാൻ അവന്നു മഹാന്മാരോടുകൂടെ ഓഹരി കൊടുക്കും; ബലവാന്മാരോടുകൂടെ അവൻ കൊള്ള പങ്കിടും; അവൻ തന്റെ പ്രാണനെ മരണത്തിന്നു ഒഴുക്കിക്കളകയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കു വേണ്ടി ഇടനിന്നുംകൊണ്ടു അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്കയാൽ തന്നേ.

      യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

      യോഹ. 12:25 തന്റെ ദേഹിജീവനെ സ്നേഹിക്കുന്നവൻ അതിനെ നഷ്ടമാക്കുന്നു; ഈ ലോകത്തിൽ തന്റെ ദേഹിജീവനെ

വെറുക്കുന്നവനോ, നിത്യജീവങ്കലേക്ക് അതിനെ സൂക്ഷിക്കും.

യോഹ. 12:26 ആരെങ്കിലും എന്നെ സേവിക്കുന്നെങ്കിൽ, അവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ എവിടെ ആയിരിക്കുന്നുവോ, അവിടെ എന്റെ സേവകനും ആയിരിക്കും. ആരെങ്കിലും എന്നെ സേവിക്കുന്നെങ്കിൽ അവനെ പിതാവ് മാനിക്കും.

d. ഈ യുഗത്തിൽ നമ്മുടെ ദേഹിജീവനെ നാം രക്ഷിക്കുന്നുവെങ്കിൽ, വരുവാനുള്ള യുഗത്തിൽ നാം അതിനെ നഷ്ടമാക്കും; എന്നാൽ ഈ യുഗത്തിൽ നമ്മുടെ ദേഹിജീവനെ നാം നഷ്ടമാക്കുന്നുവെങ്കിൽ, വരുവാനുള്ള യുഗത്തിൽ നാം അതിനെ കണ്ടെത്തും—മത്താ. 16:25.

മത്താ. 16:25 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും.

e. നാം കർത്താവായ യേശുവിനെ സ്നേഹിക്കുകയും, മരണത്തോളം നമ്മുടെ ദേഹിജീവനെ സ്നേഹിക്കാതെ നമ്മുടെ ദേഹിജീവനെ വെറുക്കുകയും ത്യജിക്കുകയും വേണം—1 കൊരി. 16:22; 2:9; ലൂക്കൊ. 14:26; 9:23; വെളി. 12:11.

1 കൊരി. 16:22 ഒരുവൻ കർത്താവിനെ സ്നേഹിക്കുന്നില്ലെങ്കിൽ അവൻ ശപിക്കപ്പെട്ടവൻ! കർത്താവ് വരുന്നു!

1 കൊരി. 2:9 “ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്ന കാര്യങ്ങൾ കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യന്റെ ഹൃദയത്തിൽ ഉയർന്നുവന്നിട്ടുമില്ല” എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ.

ലൂക്കൊ. 14:26 ആരെങ്കിലും എന്റെ അടുക്കൽ വരുകയും തന്റെ സ്വന്തം അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും അതിലുപരി തന്റെ സ്വന്തം ദേഹിജീവനെയും വെറുക്കുന്നില്ലെങ്കിൽ, എന്റെ ശിഷ്യൻ ആകുവാൻ അവനു കഴിയുകയില്ല.

ലൂക്കൊ. 9:23 പിന്നെ അവൻ എല്ലാവരോടും പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, ദിനന്തോറും തന്റെ ക്രൂശ് എടുത്ത്, എന്നെ അനുഗമിക്കട്ടെ.

വെളി. 12:11 അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും ജയിച്ചു, മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിച്ചതുമില്ല.

2. കർത്താവിനുവേണ്ടിയും, സഭയ്ക്കുവേണ്ടിയും, എല്ലാ വിശുദ്ധന്മാർക്കുവേണ്ടിയും നമ്മുടെ ഇപ്പോഴത്തെ ദേഹിക ആസ്വാദനത്തെയെല്ലാം നഷ്ടപ്പെടുത്തുവാൻ നാം

മനസ്സുള്ളവരാണെങ്കിൽ, മറ്റുള്ളവർ നമ്മളാൽ പോഷിപ്പിക്കപ്പെടുകയും നമ്മിലൂടെ പണിയപ്പെടുകയും ചെയ്യും; ഇതൊരു കഷ്ടമല്ല, മറിച്ച് ഒരു സന്തോഷമാണ്—എബ്രാ. 12:2.

എബ്രാ. 12:2 നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.

3. രാജ്യത്തിന്റെ പ്രത്യക്ഷതയിൽ ഭൂമിയിന്മേൽ ഭരിക്കുന്നതിലുള്ള രാജാവിന്റെ സന്തോഷം പങ്കുകൊള്ളുക എന്ന രാജ്യത്തിൻ പ്രതിഫലം, ഈ യുഗത്തിൽ നമ്മുടെ ദേഹിജീവനെ നാം രക്ഷിക്കുമോ അതോ നഷ്ടപ്പെടുത്തുമോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു—മത്താ. 16:25-28; 25:21, 23.

മത്താ. 16:25 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും.

മത്താ. 16:26 ഒരു മനുഷ്യൻ സർവലോകവും നേടീട്ട്, തന്റെ ദേഹിജീവനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം ചെയ്യും? അല്ലെങ്കിൽ ഒരു മനുഷ്യൻ തന്റെ ദേഹിജീവന് എന്തു പകരം നൽകും?

മത്താ. 16:27 എന്തെന്നാൽ മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരോടുകൂടെ വരുവാനിരിക്കുന്നു, അപ്പോൾ അവൻ ഓരോരുത്തനും തന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിത്തരും.

മത്താ. 16:28 മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നതു കാണുംവരെ ഒരു വിധത്തിലും മരണം രുചിക്കാത്ത ചിലർ ഇവിടെ നിൽക്കുന്നവരിൽ ഉണ്ട് എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 25:21 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

മത്താ. 25:23 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കു മേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

ശുശ്രൂഷയിൽ നിന്നുള്ള ഉദ്ധരണികൾ:

**സഭയുടെ കെട്ടുപണിക്കുവേണ്ടി സ്വയത്തെ ത്യജിക്കുന്നു**

മത്തായി 16:18-ൽ കർത്താവായ യേശു അന്ധകാരത്തിന്റെ ശക്തിയെ സൂചിപ്പിക്കുന്ന പാതാളകവാടങ്ങളെക്കുറിച്ച് സംസാരിച്ചു. ബൈബിളിൽ പാതാളം മരണത്തിന്റെ സ്ഥലമാണ്, അവിടെ ആളുകൾ മരണത്തിന്റെ അധികാരത്തിൽ വയ്ക്കപ്പെടുന്നു. അതുകൊണ്ട് അത് മരണം പ്ബലമായിരിക്കുന്ന മേഖലയാണിത്. കർത്താവായ യേശുവിന്റെ മരണശേഷം, അവൻ പാതാളത്തിൽ ഒരു പര്യടനം നടത്തി. പാതാളം അവനെ പിടിക്കാൻ പരമാവധി ശ്രമിച്ചുവെന്ന് പ്രവൃത്തികൾ 2:24 സൂചിപ്പിക്കുന്നു. എന്നിരുന്നാലും, ക്രിസ്തു പുനരുത്ഥാനം ആയതിനാൽ, മരണത്തിന് അവനെ പിടിച്ചുവയ്ക്കാൻ കഴിഞ്ഞില്ല. മരണത്തിന് പുനരുത്ഥാനത്തെ ജയിക്കുവാൻ കഴിയില്ല; നേരെമറിച്ച്, പുനരുത്ഥാനം എല്ലായ്പോഴും മരണത്തെ കീഴടക്കുന്നു.

### കവാടങ്ങളും താക്കോലുകളും

മത്തായി 16-ന്റെ 18-ാം വാക്യത്തിൽ കവാടങ്ങളെയും 19-ാം വാക്യത്തിലും താക്കോലുകളെയും കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ശത്രുവിന് കവാടങ്ങളുണ്ട്, പക്ഷേ നമുക്ക് താക്കോലുണ്ട്. കവാടങ്ങൾ താക്കോലുകളെ ജയിക്കുകയില്ല, പക്ഷേ താക്കോലുകൾ കവാടങ്ങളെ നിയന്ത്രിക്കുന്നു. ശത്രുവിന്റെ കവാടങ്ങൾ താക്കോലുകളേക്കാൾ വളരെ വലുതാണ്, എന്നിരുന്നാലും ഒരു കെട്ടിടത്തിന്റെ വാതിലുകൾ തുറക്കുകയും അടയ്ക്കുകയും ചെയ്യുന്ന താക്കോലുകളാൽ നിയന്ത്രിക്കപ്പെടുന്നതുപോലെ, കവാടങ്ങൾ താക്കോലുകളുടെ നിയന്ത്രണത്തിലാണ്. ഹല്ലേലൂയ്യാ, നമുക്ക് താക്കോലുണ്ട്! സാത്താന് ധാരാളം കവാടങ്ങളുണ്ട്, പക്ഷേ നമുക്ക് താക്കോലുകളുണ്ട്.

രാജ്യത്തിന്റെ താക്കോലുകൾ എന്താണെന്ന് ഇപ്പോൾ നാം പരിഗണിക്കേണ്ടതുണ്ട്. ഞാൻ രക്ഷിക്കപ്പെട്ട് അധികം താമസിയാതെ, പത്രൊസിന് നൽകിയ രാജ്യത്തിന്റെ താക്കോലുകൾ എണ്ണത്തിൽ രണ്ടാണെന്ന് ഒരു മഹാനായ ബൈബിൾ ഉപദേഷ്ടാവ് എന്നെ പഠിപ്പിച്ചു. പെന്തക്കോസ്ത് നാളിൽ യെഹൂദ വിശ്വാസികൾക്ക് സ്വർഗരാജ്യത്തിൽ പ്രവേശിക്കാനുള്ള കവാടം തുറക്കാൻ പത്രൊസ് ആദ്യത്തെ താക്കോൽ ഉപയോഗിച്ചു (പ്രവൃത്തികൾ 2:38-42), കൊർന്നേല്യൊസിന്റെ ഭവനത്തിൽ ജാതീയ വിശ്വാസികൾക്ക് സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതിന് കവാടം തുറക്കാൻ അവൻ മറ്റേ താക്കോൽ ഉപയോഗിച്ചു. (10:34-48). ഈ പഠിപ്പിക്കൽ ശരിയാണെന്ന് ഞാൻ ഇപ്പോഴും വിശ്വസിക്കുന്നു. പക്ഷേ, നമ്മൾ കാണാൻ പോകുന്നതുപോലെ, താക്കോലുകളുടെ കാര്യത്തിൽ ഇതിലും കൂടുതലായി ചിലതുണ്ട്.

ബൈബിളിനെ വ്യാഖ്യാനിക്കുന്നതിന്, ഓരോ വാക്യത്തിന്റെയും സന്ദർഭം ശ്രദ്ധിക്കുക എന്ന അടിസ്ഥാന തത്ത്വം നാം പാലിക്കണം. മത്തായി 16-ൽ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു, സഭ, രാജ്യം, പാതാളത്തിന്റെ കവാടങ്ങൾ, രാജ്യത്തിന്റെ താക്കോലുകൾ എന്നിവയെല്ലാം വെളിപ്പെടുത്തിയിരിക്കുന്നു. പത്രൊസ് ശിമോനിൽ നിന്ന് പത്രൊസായി രൂപാന്തരപ്പെടുന്നതിന് എന്താണ് സംഭവിക്കേണ്ടതെന്ന് 21-ാം വാക്യം വെളിപ്പെടുത്തുന്നു. ഇതിനായി കർത്താവായ യേശുവിനെ ക്രൂശിക്കപ്പെടുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്യണമായിരുന്നു. ക്രിസ്തുവിന്റെ ക്രൂശീകരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയുമാണ് യോനായുടെ പുത്രനായ ശിമോൻ ഒരു ദൈവപുത്രനായ പത്രൊസായി മാറിയത്. ഈ ഇടപാടില്ലാതെ ശിമോൻ ബർയോനായ്ക്ക് പത്രൊസാകുക അസാധ്യമായിരുന്നു.

### കർത്താവ് മതൃകയും പാതയുമാണ്

വാക്യം 22 പറയുന്നു, “പത്രൊസോ അവനെ വേറിട്ടു കൊണ്ടുപോയി, കർത്താവേ, ദൈവം നിന്നോട് കരുണയുള്ളവൻ ആകട്ടെ! ഇത് ഒരുവിധത്തിലും നിനക്ക് സംഭവിക്കരുത്!” ദൈവം തന്നോട് കരുണ കാണിക്കണമെന്ന് നല്ല മനസ്സോടെ പത്രൊസ് കർത്താവിനോട് പറയുകയായിരുന്നു . ഈ വാക്യം വിവർത്തനം ചെയ്യാൻ പ്രയാസമാണ്. “കർത്താവേ, നിന്നോട് ദയ കാണിക്കൂ” എന്നു വിവർത്തനം ചെയ്യണമെന്ന് ചിലർ പറയുന്നു. ഈ വിവർത്തനമനുസരിച്ച്, തന്നോടുതന്നെ കരുണ കാണിക്കാൻ പത്രൊസ് കർത്താവിനോട് പറയുകയായിരുന്നു. മറ്റൊരു വിവർത്തനം, "കർത്താവേ, ദൈവം നിന്നോട് കരുണ കാണിക്കട്ടെ." അത് ദൈവമാണോ അതോ കർത്താവായ യേശുവാണോ എന്ന്

നിർണ്ണയിക്കാൻ പ്രയാസമാണ്. ഏതായാലും ഊന്നൽ തന്നോട് എന്നതിനാണ്. വിഷയം ദൈവമായാലും കർത്താവായ യേശുവായാലും തന്നോട് എന്നതിനാണ് ഊന്നൽ.

വാക്യം 23 പറയുന്നു, “എന്നാൽ അവൻ തിരിഞ്ഞ് പത്രൊസിനോട്, സാത്താനേ, എന്റെ പിന്നിൽ പോ!” തുടർന്ന് 24-ഉം 25-ഉം വാക്യങ്ങളിൽ കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു: "ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ. തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും.” ഈ വാക്യങ്ങൾ അനുസരിച്ച്, കർത്താവ് മാതൃകയും പാതയുമാണ്. ആരെങ്കിലും അവന്റെ പിന്നാലെ വരാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അതായത്, അവനെ മാതൃകയും പാതയും ആയി എടുക്കുക്കുന്നുവെങ്കിൽ, അവൻ തന്നെത്തന്നെ ത്യജിച്ച് അവന്റെ ക്രൂശെടുത്ത് അവനെ അനുഗമിക്കണം.

## സാത്താൻ കവാടങ്ങളിലൂടെ പുറത്തേക്ക് വരുന്നു

16 മുതൽ 19 വരെയുള്ള വാക്യങ്ങളുടെ വ്യാഖ്യാനത്തിന് 21 മുതൽ 26 വരെയുള്ള വാക്യങ്ങൾ ആവശ്യമാണ്. നമ്മൾ കണ്ടതുപോലെ, വാക്യം 18 വാതിലുകളെക്കുറിച്ചും വാക്യം 19 താക്കോലുകളെക്കുറിച്ചും സംസാരിക്കുന്നു. കവാടങ്ങളും താക്കോലുകളും എന്താണെന്ന് അറിയുന്നതിന്, 21 മുതൽ 26 വരെയുള്ള വാക്യങ്ങൾ നാം പരിഗണിക്കേണ്ടതുണ്ട്. സാത്താൻ കവാടങ്ങളിലൂടെ പുറത്തുവരുന്നു. ഒന്നാമത്തെ കവാടം സ്വയം ആണ്. സാത്താൻ പുറപ്പെടുന്ന പാതാളത്തിന്റെ കവാടങ്ങളിൽ ഒന്നാമത്തത് നാം തന്നെയാണ് എന്നാണ് ഇതിനർഥം. നമുക്ക് നല്ല ഹൃദയം ഉള്ളപ്പോൾ പോലും സാത്താൻ സ്വയം എന്ന കവാടത്തിലൂടെ പുറത്തു വന്നേക്കാം. നമ്മുടെ ഹൃദയം നല്ലതോ തിന്മയോ ആകട്ടെ, സാത്താൻ പുറത്തുവരുന്ന ആദ്യ കവാടം സ്വയം തന്നെയാണ്. സ്വയത്തെ കൂടാതെ, 21 മുതൽ 26 വരെയുള്ള വാക്യങ്ങൾ മനസ്സിനെക്കുറിച്ചും ദേഹിയെക്കുറിച്ചും സംസാരിക്കുന്നു, ഇവ രണ്ടും സാത്താൻ പുറത്തുവരുന്ന കവാടങ്ങളാണ്. അങ്ങനെ, സ്വയം, ദേഹി, മനസ്സ് എന്നിവയാണ് സാത്താൻ പുറത്തുവരുന്ന പ്രധാന കവാടങ്ങൾ. നിങ്ങളുടെ മനസ്സ് അവനുവേണ്ടി തുറന്ന കവാടമായതിനാൽ സാത്താൻ പലപ്പോഴും നിങ്ങളുടെ മനസ്സിലൂടെ പുറത്തുവന്നിട്ടുണ്ട്.

## മൂന്ന് താക്കോലുകൾ

21 മുതൽ 26 വരെയുള്ള വാക്യങ്ങൾ വാതിലുകൾ തുറന്നുകാട്ടുക മാത്രമല്ല, താക്കോലുകൾ വെളിപ്പെടുത്തുകയും ചെയ്യുന്നു. ആദ്യത്തെ താക്കോൽ സ്വയം ത്യജിക്കലാണ്. സ്വയം ഒരു തുറന്ന കവാടമാണ്, എന്നാൽ സ്വയം ത്യജിക്കുന്നത് അതിനെ അടയ്ക്കുന്ന താക്കോലാണ്. രണ്ടാമത്തെ താക്കോൽ ക്രൂശ് എടുക്കലാണ്. സ്വയം, ദേഹിജീവൻ, മനസ്സ് എന്നിവയെ അടയ്ക്കുന്നതിനുള്ള താക്കോലാണ് ക്രൂശ് എന്നാണ് ഇതിനർഥം. മൂന്നാമത്തെ താക്കോൽ ദേഹജീവൻ നഷ്ടമാക്കുന്നതാണ്. അതിനാൽ, ഇവിടെ മൂന്ന് താക്കോലുകൾ സ്വയം ത്യജിക്കൽ, ക്രൂശ് എടുക്കൽ, ദേഹജീവന്റെ നഷ്ടമാക്കൽ എന്നിവയാണ്. ഓരോ ദിവസവും നമ്മൾ ഈ താക്കോലുകൾ ഉപയോഗിക്കണം. അതെ, പെന്തക്കോസ്ത് ദിനത്തിലും കൊർന്നേല്യൊസിന്റെ വീട്ടിലും പത്രൊസ് താക്കോലുകൾ ഉപയോഗിച്ചു. എന്നാൽ വചനത്തിന്റെ ഈ ഭാഗത്ത് കാണപ്പെടുന്ന മൂന്ന് വ്യക്തിനിഷ്ഠമായ താക്കോലുകളും നമുക്ക് ആവശ്യമാണ്.

സ്വർഗീയങ്ങളിലെ വാഴ്ചകളും അധികാരങ്ങളും കവാടങ്ങളാണ്. എന്നാൽ കൂടാതെ, സ്വയം, ദേഹിജീവൻ, മനസ്സ് എന്നിവ കൂടാതെ മൂന്ന് നിർണായകമായ വ്യക്തിനിഷ്ഠ കവാടങ്ങളുണ്ട്. ഈ വ്യക്തിനിഷ്ഠ കവാടങ്ങൾ പൂട്ടിയാൽ, ഒരു വാഴ്ചകൾക്കും അധികാരങ്ങൾക്കും കടന്നുവരാൻ കഴിയില്ല.

## സഭ സ്വയത്താൽ നശിപ്പിക്കപ്പെടുന്നു

ഈ അധ്യായത്തിലെ എന്റെ ഭാരം വ്യാഖ്യാനമല്ല; പ്രയോഗമാണ്. ചരിത്രത്തിലുടനീളം പ്രധാനമായും യെഹൂദമത്താലോ ജ്ഞാനവാമത്താലോ സഭയ്ക്ക് ഹാനി വരുത്തിയിട്ടില്ല; അതിന് പ്രധാനമായും സ്വയം നിമിത്തമാണ് ഹാനിയുണ്ടായത്. മാർട്ടിൻ ലൂഥർ ഒരിക്കൽ

പറഞ്ഞു, താൻ പോപ്പിനെ ഭയപ്പെടുന്നുണ്ടെങ്കിലും, തന്റെ ഹൃദയത്തിനുലുള്ള ശക്തനായ പോപ്പ് എന്ന സ്വയത്തെയാണ് താൻ കൂടുതൽ ഭയപ്പെട്ടത്. സ്വയത്തേക്കാൾ കൂടുതൽ സഭയുടെ കെട്ടുപണിക്ക് ഹാനി വരുത്തുന്ന യാതൊന്നുമില്ല. സ്വയം ദേഹിയുടെ ദേഹരൂപമാണ്, അത് മനസ്സിലൂടെ ആവിഷ്കരിക്കപ്പെടുന്നു. അങ്ങനെ സ്വയവും ദേഹിയും മനസ്സും ഒന്നിൽ മൂന്നാണ്. ഈ മൂന്നിന്റേയും പിന്നിൽ സഭാജീവിതത്തെ തകർക്കാൻ സ്വയത്തെ സ്വാധീനിക്കുന്നവനായ സാത്താനാണ്. നാമെല്ലാവരും ഈ വാക്കിന് ശ്രദ്ധ ചെലുത്തണം.

സ്വയം കാരണം, ചില വിശുദ്ധന്മാർ സഭാജീവിതം ഉപേക്ഷിച്ചിട്ടുണ്ട്. 1948-ൽ ഷാങ്ഹായിൽ ഒരു സഹോദരൻ ഉണ്ടായിരുന്നു, അവൻ സ്വയത്താൽ നിറഞ്ഞവനും, അവന്റെ ദേഹി ആർക്കും പൂട്ടാൻ കഴിയാത്ത ഒരു തുറന്ന കവാടവുമായിരുന്നു. അവൻ ഒരു മൂപ്പനാകാൻ അതിമോഹിയായിരുന്നു, സഭയിലെ സാഹചര്യങ്ങളെക്കുറിച്ച് അവൻ പലപ്പോഴും പരാതിപ്പെട്ടു. ഒരു ദിവസം അവൻ ഒരു യോഗത്തിൽ എഴുന്നേറ്റുനിന്ന് പ്രതിലോമപമായ പലതും സംസാരിച്ചു. അവന്റെ പ്രതിലോമപമായ സംസാരത്തിന് ശേഷം ഞാൻ പറഞ്ഞു, "സഹോദരാ, നമ്മുടെ സമയം പാഴാക്കേണ്ട ആവശ്യമില്ല. നിങ്ങൾക്ക് ഒരു മികച്ച സ്ഥലം കണ്ടെത്താൻ കഴിയുമെങ്കിൽ, അതിനെക്കുറിച്ച് എന്നോട് പറയൂ, ഞാൻ നിങ്ങളോടൊപ്പം അവിടെ വരും. എന്നാൽ നിങ്ങൾക്ക് ഇതിലും നല്ല സ്ഥലം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ, ദയവായി മിണ്ടാതെ ഇവിടെ തന്നെ തുടരുക." അവനു കൂടുതലൊന്നും പറയാനില്ലായിരുന്നു. കുറച്ച് സമയത്തിന് ശേഷം, അവൻ സഭായോഗങ്ങൾക്ക് വരുന്നത് നിർത്തി, തന്റെ വീട്ടിൽ ഒരു മീറ്റിംഗ് ആരംഭിച്ചു, ഒരു സഞ്ചാര പ്രസംഗകനെ നിയമിച്ചു. ഈ വിയോജിപ്പുള്ള സഹോദരന്റെ സാമ്പത്തിക പിന്തുണയോടെ, ഈ പ്രസംഗകൻ സഹോദരൻ നീ-യെ എതിർത്തുകൊണ്ട് ഒരു നീണ്ട ലേഖനം എഴുതി. സംശയമില്ല, ഈ സഹോദരൻ സഭാജീവിതത്തെ നശിപ്പിച്ചു. അതേസമയം തനിക്കു സഭാജീവിതവും നഷ്ടപ്പെട്ടു. ഇത് സ്വയം കാരണമായിരുന്നു. ഈ സഹോദരന്റെ പക്കൽ യാതൊരു കെട്ടുപണയും ഉണ്ടായിരുന്നില്ല, കാരണം അവൻ ഒരു പത്രൊസ് ആയിത്തീർന്നില്ല, പക്ഷേ ബർയോനായുടെ മകനായി തുടർന്നു. ഇത് സാത്താൻ സ്വയത്തിലൂടെ പുറത്തുവന്നതിന്റെ ഫലമായിരുന്നു.

## വ്രണപ്പെടുന്നതിന്റെ ഗൗരവം

എല്ലാവരോടും സത്യസന്ധമായും സ്നേഹത്തോടെയും ഞാൻ ഒരു വാക്ക് പറയട്ടെ: വ്രണപ്പെടുന്നത് വളരെ ഗൗരവമുള്ള കാര്യമാണ്. "സഭാജീവിതത്തിൽ ഞാൻ വ്രണപ്പെട്ടിരിക്കുന്നു. മൂപ്പന്മാരും മറ്റ് നേതൃത്വം എടുക്കുന്നവരും എന്നെ വ്രണപ്പെടുത്തിയിരിക്കുന്നു" എന്ന് പറയരുത്. മറ്റുള്ളവർ നിങ്ങളെ വ്രണപ്പെടുത്തിയേക്കാമെങ്കിലും, എല്ലായ്പ്പോഴും നിങ്ങൾ ആദ്യം കഷ്ടമനുഭവിക്കും. ഒരു വശത്ത്, എല്ലാ കുറ്റങ്ങളെയും ഞാൻ അപലപിക്കുന്നു; മറുവശത്ത്, നിങ്ങൾ വ്രണപ്പെടുന്നതിന് ഒരു ഒഴികഴിവും ഇല്ലെന്ന് ഞാൻ പറയണം. നാം നമ്മിൽ തന്നെയല്ലെങ്കിൽ, നമുക്ക് വ്രണപ്പെടാൻ കഴിയില്ല. സ്വയം ത്യജിക്കലിന്റെ താക്കോൽ പ്രയോഗിച്ച് ഞാൻ സ്വയത്തെ പൂട്ടാൻ ശ്രമിച്ചാൽ, എനിക്ക് വ്രണപ്പെടുന്നത് അസാധ്യമായിരിക്കും. നാം വ്രണപ്പെടാനുള്ള കാരണം, സ്വയം വളരെ തുറന്നതും പ്രബലവുമാകുന്നതും കൊണ്ടാണ്. സ്വയം എന്ന തുറന്ന വാതിലിലൂടെ, സാത്താൻ പുറത്തുവരുന്നു, അങ്ങനെ നാം വ്രണപ്പെടുന്നു.

ചില കാര്യങ്ങളിൽ സഭ തെറ്റായിരിക്കാം. തെറ്റുകാരണം സഭ ഇനിമേൽ സഭയല്ലെന്ന് കരുതരുത്. ഉദാഹരണത്തിന്, നിങ്ങളുടെ കുട്ടി ഒരു തെറ്റ് ചെയ്യുമ്പോൾ, അവൻ അപ്പോഴും നിങ്ങളുടെ കുട്ടിയാണ്. സഭ ശരിയോ തെറ്റോ ആകട്ടെ, അത് അപ്പോഴും സഭയാണ്. സഭയിലെ എന്തെങ്കിലും അല്ലെങ്കിൽ ആരെങ്കിലും നിങ്ങളെ വ്രണപ്പെടുത്തിയെങ്കിൽ, നിങ്ങൾക്കായി ഒരു ഒഴികഴിവും പറയരുത്. ഇത് സഭയുടെ കെട്ടുപണിയെ തടസ്സപ്പെടുത്തുന്നു.

## സ്വയം ത്യജിക്കൽ എന്ന താക്കോൽ ഉപയോഗിക്കുന്നു

നാം കണ്ടതുപോലെ, മത്തായി 16-ൽ സഭയുടെ കെട്ടുപണിയെക്കുറിച്ചും പാതാളത്തിന്റെ കവാടങ്ങളെക്കുറിച്ചും രാജ്യത്തിന്റെ താക്കോലുകളെക്കുറിച്ചും സംസാരിക്കുന്നു. കവാടങ്ങൾ പൂട്ടാനുള്ള താക്കോലില്ലാതെ സഭ പണിയപ്പെടാൻ കഴിയില്ല. ഈ താക്കോലുകളുടെ പ്രയോഗം വളരെ കുറവായതിനാൽ, സഭ ഇതുവരെ പണിയപ്പെട്ടിട്ടില്ല. കെട്ടുപണിയെക്കുറിച്ച് നാം വളരെയധികം സംസാരിച്ചേക്കാം. എന്നിരുന്നാലും, ചില കാര്യങ്ങൾ നമ്മെ സ്പർശിക്കുമ്പോൾ, സ്വയം തുറക്കുന്നു. നാം പാതാളത്തിനു തുറന്നിരിക്കുന്നതിനാൽ, പാതാളത്തിൽ നിന്ന് ചിലത്— സാത്താൻ—പുറത്തുവരുന്നു. സ്വയത്തെ പൂട്ടാൻ നമുക്ക് ദേഹിജീവന്റെ ത്യജിക്കലിന്റെ താക്കോൽ എത്രമാത്രം ആവശ്യമായിരിക്കുന്നു! മറ്റുള്ളവരാൽ വ്രണപ്പെടാതിരിക്കാനുള്ള മാർഗം സ്വയത്തെ ത്യജിച്ചുകൊണ്ട് നിങ്ങളെത്തന്നെ പൂട്ടുന്നതാണ്. വ്രണപ്പെടാത്തവർ അനുഗൃഹീതർ.

വ്രണപ്പെടുന്നതിന് ഒരു ന്യായീകരണവുമില്ല. കർത്താവായ യേശു വന്ന് തന്റെ ന്യായാസനത്തെ സ്ഥാപിക്കുമ്പോൾ, അവനുമായി നമ്മുടെ കണക്ക് തീർക്കാൻ അവൻ നമ്മോട് പറയും. ചില സ്ഥലങ്ങളിൽ എന്തിനാണ് നാം വ്രണപ്പെട്ടതെന്ന് അവൻ നമ്മോട് ചോദിച്ചേക്കാം. എന്നാൽ നാം സ്വയം ഒഴികഴിവുകൾ പറഞ്ഞാൽ, കർത്താവ് അവരെ സ്വീകരിക്കുകയില്ല. പ്രശ്നം ആ കുറ്റമല്ല—സ്വയമാണ്. ചില വൈറസുകൾ വളരെ പടരുന്നതാണ്. എന്നിരുന്നാലും, ഒരു മേശയ്ക്ക് അസുഖം ഉണ്ടാക്കാൻ ഒരു വൈറസിനും കഴിയില്ല. നിങ്ങൾക്ക് വ്രണപ്പെടുവാൻ കഴിയുമെങ്കിൽ, അത് നിങ്ങൾ സ്വയത്താൽ നിറഞ്ഞതാണെന്നതിന്റെ തെളിവാണ്. എന്റെ സ്വയം പൂട്ടിയിരിക്കുകയാണെങ്കിൽ, നിങ്ങൾ എന്നോട് എന്ത് ചെയ്താലും നിങ്ങൾ എന്നോട് എങ്ങനെ പെരുമാറിയാലും ഞാൻ വ്രണപ്പെടുകയില്ല.

**സ്വാഭാവിക സ്നേഹമില്ല**

ഞാൻ വ്രണപ്പെട്ടതിനെക്കുറിച്ച് സംസാരിച്ചു. ഇപ്പോൾ ഞാൻ സ്വാഭാവിക സ്നേഹത്തെക്കുറിച്ച് ഒരു വാക്ക് പറയാൻ ആഗ്രഹിക്കുന്നു. സഭാ ജീവിതത്തിൽ സ്വാഭാവിക സൗഹൃദങ്ങൾ ഉണ്ടാകരുത്. ചിലരെ നിങ്ങളുടെ പ്രത്യേക സുഹൃത്തുക്കളായി നിങ്ങൾ കണക്കാക്കുന്നുവെങ്കിൽ, അത് നിങ്ങൾ സ്വയം നിറഞ്ഞവരാണെന്നതിന്റെ സൂചനയാണ്. ചിലർ നിങ്ങളുടെ അഭിരുചിക്കുമായി പൊരുത്തപ്പെടുന്നു, നിങ്ങൾ അവരുടെ അഭിരുചിക്കനുസരിച്ച് യോജിക്കുന്നു. നിങ്ങളുടെ അഭിരുചി അന്യോന്യം ചേർന്നുവരുന്നു. ഇത് വളരെ ഹാനികരമാണ്, ഇത് കെട്ടുപണിയെ തടസ്സപ്പെടുത്തുന്നു. സഭയിലെ സഹോദരീസഹോദരന്മാർക്കിടയിൽ ശുദ്ധമായ ഒരു ദൈവിക സ്നേഹം ഉണ്ടായിരിക്കണം, എന്നാൽ വ്യക്തിപരമായ സ്നേഹം ഉണ്ടാകരുത്. വിശുദ്ധന്മാരുമായുള്ള നിങ്ങളുടെ ബന്ധത്തിൽ വ്യക്തിപരമായ വാത്സല്യം കടന്നുവരുന്നുവെങ്കിൽ, നിങ്ങൾ സ്വയത്താൽ നിറഞ്ഞവരാണെന്ന് അത് തെളിയിക്കുന്നു. സഭാജീവിതത്തിൽ അത്തരം വാത്സല്യം പാടില്ല. എന്നെ സംബന്ധിച്ചിടത്തോളം എല്ലാ സഹോദരീസഹോദരന്മാരും ഒരുപോലെയാണ്. സഹോദരീസഹോദരന്മാർക്കിടയിൽ പ്രിയങ്കരനായ ഒരുവനുണ്ടാകുന്നത് സ്വയത്താൽ നിറഞ്ഞിരിക്കുക എന്നതാണ്. അത് ഒരു പത്രൊസാകുന്നതല്ല, യോനയുടെ പുത്രനാകാനാകുന്നതാണ്. ഇത് കെട്ടുപണിയെ നശിപ്പിക്കും.

എല്ലാ വിശുദ്ധന്മാരെയും നമ്മുടെ സഹോദരീസഹോദരന്മാരായി കണക്കാക്കാൻ നമുക്ക് കർത്താവിന്റെ കരുണ ലഭിക്കേണ്ടതുണ്ട്, എന്നാൽ ആരെയും നമ്മുടെ സുഹൃത്തുക്കളായി കണക്കാക്കരുത്. സഭാജീവിതത്തിൽ കർത്താവിന്റെ കെട്ടുപണിക്കായി, സ്വാഭാവികമായ എല്ലാം നീക്കപ്പെടണം. സ്വാഭാവിക വാത്സല്യമോ ബന്ധമോ വികാരമോ ഉണ്ടാകരുത്. മറിച്ച്, നാമെല്ലാവരും സ്വാഭാവിക സ്നേഹത്തെ ഭയപ്പെടുകയും അത് ഒഴിവാക്കുകയും വേണം. ഒരു സഹോദരൻ എന്നെ സ്വാഭാവികമായി വാത്സല്യത്തോടെ സ്നേഹിക്കുമ്പോഴെല്ലാം ഞാൻ ഭയപ്പെടുന്നു. ഞാൻ സ്വയത്തെ ത്യജിക്കാൻ താക്കോൽ പ്രയോഗിക്കേണ്ട സമയമാണത്. ഞാൻ എന്നത്തന്നെ പൂട്ടി ആ സഹോദരന്റെ വാത്സല്യം ഒഴിവാക്കും. നിങ്ങൾ ഒരു സഹോദരന്റെ സ്വയം പോഷിപ്പിക്കുന്നുവെന്നും അവൻ നിങ്ങളുടേത് പോഷിപ്പിക്കുന്നുവെന്നും നിങ്ങൾ

കണ്ടെത്തുമ്പോഴെല്ലാം, നിങ്ങൾ സ്വയം എന്ന കവാടം പൂട്ടാൻ താക്കോൽ ഉപയോഗിക്കണം. നിങ്ങൾ സ്വയത്തെ പൂട്ടിയില്ലെങ്കിൽ, സാത്താൻ സ്വയത്തിന്റെ വാതിലിലൂടെ പുറത്തുവരും. അപ്പോൾ നിങ്ങളും മറ്റുള്ളവരും യോനായുടെ പുത്രന്മാരായി തുടരും. നിങ്ങൾ പത്രൊസുമാർ ആകില്ല, നിങ്ങളെക്കൊണ്ട് സഭ പണിയുവാൻ കർത്താവിന് അസാധ്യമായിരിക്കും.

**മറഞ്ഞിരിക്കുന്ന സ്വയം**

ആയിരത്തി തൊള്ളായിരത്തിലധികം വർഷങ്ങൾക്ക് മുമ്പ്, താൻ സഭ പണിയുമെന്ന് കർത്താവായ യേശു പ്രവചിച്ചു. പക്ഷേ, നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും നമുക്ക് ഇതുവരെ കെട്ടിടം ഇല്ലാത്തത് എന്തുകൊണ്ട്? സ്വയ ത്യജനത്തിന്റെ താക്കോൽ അവഗണിക്കപ്പെട്ടതാണ് കാരണം. ഈ അധ്യായങ്ങളിൽ എനിക്ക് ഉപദേശങ്ങളെക്കുറിച്ച് സംസാരിക്കാൻ ആഗ്രഹമില്ല, എന്നാൽ നിങ്ങൾ എല്ലാവരോടും കൂട്ടായ്മ ആചരിക്കുവാൻ എനിക്ക് ഹൃദയമുണ്ട്. ഓ, മറഞ്ഞിരിക്കുന്ന സ്വയം! പത്രൊസിന് ഒരു നല്ല ഹൃദയമുണ്ടായിരുന്നു, എന്നാൽ അവന്റെ ഉള്ളിൽ സാത്താന് പുറത്തുവരാനുള്ള കവാടമായി മറഞ്ഞിരിക്കുന്ന ഒരു സ്വയം ഉണ്ടായിരുന്നു. കർത്താവിന്റെ വിവേചനത്തെ ഞാൻ വിലമതിക്കുന്നു. ഞാൻ കർത്താവായിരുന്നുവെങ്കിൽ, എനിക്ക് വിവേചനം ഉണ്ടാകുമായിരുന്നില്ല, പക്ഷേ പത്രൊസിന്റെ വിചാരത്തെ വിലമതിക്കുമായിരുന്നു. എന്നിരുന്നാലും, സാത്താൻ സ്വയത്തിന്റെ വാതിലിലൂടെയാണ് പുറത്തുവന്നതെന്ന് കർത്താവായ യേശു ഉടൻ വിവേചിച്ചു.

സഭകളിൽ സഹോദരങ്ങളുടെ ഭവനവും സഹോദരിമാരുടെ ഭവനവും ഉള്ളതിനാൽ ഞാൻ സന്തോഷിക്കുന്നു. പക്ഷേ, അനുഭവത്തിലൂടെ, ഇത്തരമൊരു ഭവനത്തിൽ താമസിക്കുന്നത് കൊണ്ട് രണ്ട് തരത്തിലുള്ള ഫലങ്ങളുണ്ടെന്ന് നാം മനസ്സിലാക്കിയിട്ടുണ്ട്. ചിലർ സ്വാഭാവിക സൗഹൃദങ്ങൾ ഉണ്ടാക്കുന്നു; മറ്റുള്ളവർ അസംതൃപ്തരും നിരാശരുമായിത്തീരുന്നു. എന്നിരുന്നാലും, സാഹചര്യം എന്തുതന്നെയായാലും, നിങ്ങൾ നിരാശപ്പെടേണ്ടതില്ല. നിരാശപ്പെടുന്നത് നിങ്ങൾ സ്വയത്തിലാണെന്നതിന്റെ തെളിവാണ്. സഹോദരങ്ങളുടെയും സഹോദരിമാരുടെയും ഭവനങ്ങളിൽ താമസിക്കുന്നവരുടെ സ്വയം പൂട്ടപ്പെടണം. സ്വയം പൂട്ടപ്പെട്ടാൽ നമുക്ക് കെട്ടുപണിയുണ്ടാകും. നിങ്ങൾ സ്വയം ത്യജിക്കലിന്റെ താക്കോൽ പ്രയോഗിച്ചാൽ, മറ്റുള്ളവർ വ്രണപ്പെട്ടേക്കാം, എന്നാൽ നിങ്ങൾ വ്രണപ്പെടുകയില്ല. പകരം, നിങ്ങളിലുള്ള സ്വയം പൂട്ടപ്പെട്ടിരിക്കുന്നതിനാൽ നിങ്ങൾ കെട്ടുപണിചെയ്യപ്പെടും. സ്വയം, ദേഹിജീവൻ, മനസ്സ് എന്നിവയെ പൂട്ടാൻ നാമെല്ലാവരും സ്വയം ത്യജിക്കൽ എന്ന പ്രബലമായ താക്കോൽ ഉപയോഗിക്കേണ്ടതുണ്ട്. അല്ലെങ്കിൽ, സഭയുടെ കെട്ടുപണി തടസ്സപ്പെടും.

**സഭയുടെ കെട്ടുപണിക്കായി ക്രൂശിക്കപ്പെടുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്യുന്നു**

വാക്യം 24 പറയുന്നു, "ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ." ഈ വാക്യത്തിലെ "എന്റെ" എന്ന വാക്ക് വളരെ അർഥവത്താണ്. ഈ "എന്റെ" ആണ് മാതൃക, പാത. കൂടാതെ, ഈ "എന്റെ" ക്രൂശിക്കപ്പെട്ടതും ഉയിർത്തെഴുന്നേറ്റതുമായ "ഞാൻ" ആണ്. നാം ക്രൂശിക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റില്ലെങ്കിൽ, സഭയും ഉണ്ടായിരിക്കുതയില്ല. ക്രിസ്തുവിന്റെ ക്രൂശീകരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയുമാണ് സഭ നിലവിൽ വരുന്നത്. മലിനമായ നമ്മുടെ സ്വയം മാത്രമല്ല, കർത്താവിന്റെ ശുദ്ധവും പാപരഹിതവുമായ സ്വയം പോലും ത്യജിക്കണമായിരുന്നു. കർത്താവ് തന്നെത്തന്നെ ത്യജിച്ച് ക്രൂശിൽ പോയിരുന്നില്ലെങ്കിൽ, അവൻ ഉയിർത്തെഴുന്നേൽക്കുമായിരുന്നില്ല, സഭയും ഉണ്ടാകുമായിരുന്നില്ല. നാം അവനെ പിന്തുടരണം. അവൻ ചെയ്തതുപോലെ നാം നമ്മെത്തന്നെ ത്യജിക്കുകയും അവൻ ചെയ്തതുപോലെ നമ്മെത്തന്നെ ക്രൂശിക്കാൻ അനുവദിക്കുകയും വേണം എന്നാണ് ഇതിനർഥം. ഇതില്ലാതെ സഭ പണിയപ്പെടുവാൻ അസാധ്യമാണ്. നമ്മൾ മറ്റൊരാളുടെ ദേഹിജീവൻ പോഷിപ്പിക്കുകയാണെന്ന് തോന്നുമ്പോഴെല്ലാം നാം പറയണം, “കർത്താവേ, ഞാൻ നിന്നെ അനുഗമിക്കും. ഈ

സഹോദരനുമായി ഇത്രയും ബന്ധം പുലർത്തുന്നത് ഞാൻ നിർത്തും." നിങ്ങൾ ഇത് ചെയ്താൽ, സഭയുടെ കെട്ടുപണി തുടരും.

### ക്രിസ്തുവിനെയും, അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും, അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിയുന്നു

ഈ വാക്യം വായിക്കുമ്പോൾ അത് നിറവേറ്റാൻ കഴിയില്ലെന്ന് നിങ്ങൾക്ക് തോന്നിയേക്കാം. ഇല്ല, നമുക്ക് അതിന് കഴിയില്ല. അതുകൊണ്ടാണ് ഫിലിപ്പിയർ 3:10-ലെ പൗലൊസിന്റെ വചനം നാം ശ്രദ്ധിക്കേണ്ടത്: "അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്." മൂന്ന് കാര്യങ്ങൾ അറിയാൻ പൗലൊസ് ആഗ്രഹിച്ചതായി ഇവിടെ നാം കാണുന്നു: ക്രിസ്തുവിനെയും, അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും, അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും. ഫിലിപ്പിയർ 3:10-ലെ "അവൻ" മത്തായി 16:24-ലെ "എന്റെ" ആണ്. നമ്മെത്തന്നെ ത്യജിച്ചുകൊണ്ട് ക്രൂശിലേക്ക് പോകാൻ നമുക്ക് കഴിയുന്നില്ല. എന്നാൽ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ശക്തിയാൽ നമുക്ക് ഈ കാര്യങ്ങൾ ചെയ്യാൻ കഴിയും. കൂടാതെ, അവന്റെ പുനരുത്ഥാനത്തിലൂടെ നമുക്ക് അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയിലേക്ക് പ്രവേശിക്കാനും അവന്റെ മരണത്തോട് അനുരൂപപ്പെടാനും കഴിയും. നമ്മിൽത്തന്നെ ഇത് ചെയ്യാൻ കഴിയില്ലെങ്കിലും, അത് ചെയ്യാൻ കഴിയുന്നവൻ നമ്മുടെ ഉള്ളിലുണ്ട്.

### നമ്മുടെ രക്ഷയെ പുറപ്പെടുവിക്കുന്നു

ഫിലിപ്പിയർ 2:12-ൽ പൗലൊസ് പറയുന്നു, "ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ സ്വന്തം രക്ഷയെ പുറപ്പെടുവിക്കുവിൻ." പുതിയനിയമത്തിൽ *രക്ഷ* എന്ന പദം വിവിധ രീതികളിൽ ഉപയോഗിക്കുന്നു. നമ്മുടെ നിത്യരക്ഷയെ സംബന്ധിച്ച്, നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല. കർത്താവായ യേശു ഇത് നിറവേറ്റാൻ എല്ലാം ചെയ്തിട്ടുണ്ട്. എന്നാൽ ഒരുമിച്ച് പണിയപ്പെടുവാൻ നമ്മെ പ്രാപ്തരാക്കുന്ന രക്ഷ നാം പുറപ്പെടുവിക്കേണ്ടതുണ്ട്. സഭയുടെ നിർമ്മാണത്തിനായി, ഈ രക്ഷയെ നാം പുറപ്പെടുവിക്കണം.

ഫിലിപ്പിയരുടെ മുഴുവൻ പുസ്തകവും കെട്ടുപണിയെക്കുറിച്ചുള്ള ഒരു പുസ്തകമാണ്. ഫിലിപ്പിയർക്കിടയിൽ ഭിന്നിപ്പും കെട്ടുപണിയുടെ അഭാവവും ഉണ്ടായിരുന്നു. അങ്ങനെ, അപ്പൊസ്തലനായ പൗലൊസ് ഈ ലേഖനം എഴുതിയത് അവരെ പണിയപ്പെടുവാൻ സഹായിക്കാനാണ്. കെട്ടുപണിയെ പുറപ്പെടുവിക്കുവാൻ പൗലൊസ് അവരോട് പറയുകയായിരുന്നു, കാരണം ഈ കെട്ടുപണി അവരുടെ രക്ഷയായിരുന്നു. ഇന്ന് അനേകം ക്രിസ്ത്യാനികൾക്ക് ഈ കെട്ടുപണി ഇല്ല. അവർ തങ്ങളുടെ രക്ഷയെ പുറപ്പെടുവിക്കുന്നില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

നിങ്ങൾ സഹോദരന്മാരുടെ ഭവനത്തിലാണ് താമസിക്കുന്നതെന്ന് കരുതുക. നിങ്ങൾ ആദ്യം താമസം മാറിയപ്പോൾ, സഹോദരന്മാർക്കൊപ്പമുള്ള ജീവിതം അത്ഭുതകരമായിരിക്കുമെന്ന് നിങ്ങൾ കരുതി. എന്നിരുന്നാലും, കുറച്ച് സമയത്തിനുശേഷം, നിങ്ങൾക്ക് ചില സഹോദരങ്ങളുമായി ഒത്തുപോകാൻ കഴിയില്ലെന്ന് നിങ്ങൾ കണ്ടെത്തി. ഇതിൽ നിങ്ങൾ ഒന്നും ചെയ്യേണ്ടതില്ല. പകരം, കൊല്ലപ്പെടുവാനായി സഹോദരന്മാരുടെ ഭവനത്തിൽ തുടരുക. ഈ കൊല്ലൽ നിങ്ങൾക്ക് സഹിക്കാൻ കഴിയില്ലെങ്കിലും, അതിനു കഴിയുന്ന ഒരുവൻ നിങ്ങളിലുണ്ട്. നിങ്ങളുടെ രക്ഷയെ പുറപ്പെടുവിക്കുവാൻ നിങ്ങൾ അവനെ അനുഗമിച്ചാൽ മതി.

### ദൈവം നമ്മിൽ പ്രവർത്തിക്കുന്നു

നമ്മുടെ രക്ഷ എങ്ങനെ പുറപ്പെടുവിക്കണമെന്ന് ഫിലിപ്പിയർ 2:13 നമ്മോട് പറയുന്നു: "തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു." ദൈവം നമ്മിൽ ഈ വേല ചെയ്യുന്നു. നാം സ്വയം ത്യജിക്കലിന്റെ താക്കോൽ പ്രയോഗിച്ച് കർത്താവിനോട് ആമേൻ പറയുക മാത്രം വേണം. സ്വയത്തെ പൂട്ടാനുള്ള താക്കോൽ നാം പ്രയോഗിക്കണം. നാമെല്ലാവരും ഈ പാഠം പഠിക്കുകയാണെങ്കിൽ, നാം ചേർത്ത് പണിയപ്പെടുകയും, നാം ശക്തമായ ഒരു സാക്ഷ്യമായിത്തീരുകയും ചെയ്യും. നമുക്ക് വ്യത്യസ്ത സ്വഭാവങ്ങളും സഹജസ്വഭാവങ്ങളും

ഗുണവിശേഷങ്ങളും പശ്ചാത്തലങ്ങളും ഉണ്ടെങ്കിലും നമുക്ക് ഒന്നായിരിക്കുവാനും ചേർത്ത് പണിയപ്പെടുവാനും കഴിയുമെന്ന് സാക്ഷ്യപ്പെടുത്താൻ നമുക്ക് കഴിയും. മത്തായി 16-ൽ കർത്താവ് കൈകാര്യം ചെയ്യുന്ന കാര്യം ഇതാണ്.

**കെട്ടുപണിക്കായി സ്വയത്തെ പൂട്ടിവയ്ക്കുന്നു**

മത്തായി 16 നൂറ്റാണ്ടുകളായി മറയ്ക്കപ്പെട്ടിരുന്നു. കർത്താവ് എന്താണ് പറയുന്നതെന്ന് അറിയാതെ നിങ്ങൾ ഈ അധ്യായം വീണ്ടും വീണ്ടും വായിച്ചിരിക്കാം. എന്നാൽ താക്കോലുകളുടെ പ്രയോഗത്തിലൂടെ സഭയെ എങ്ങനെ പണിയാം എന്നറിയുന്നതിന് കർത്താവ് നമുക്ക് കൂടുതലായുള്ള ധാരണ നൽകിയിരിക്കുന്നു. നാം നമ്മെത്തന്നെ ഭയപ്പെടുകയും സ്വയത്തെ പൂട്ടിവയ്ക്കുവാൻ താക്കോൽ ഉപയോഗിക്കുകയും വേണം. സഭാജീവിതത്തിൽ മാത്രമല്ല, നമ്മുടെ കുടുംബജീവിതത്തിലും നാം ഇത് ചെയ്യണം. സ്വയത്തെ പൂട്ടാൻ നിങ്ങൾ താക്കോൽ പ്രയോഗിച്ചാൽ, നിങ്ങളുടെ ദാമ്പത്യത്തിൽ നിങ്ങൾക്ക് പ്രശ്നങ്ങളൊന്നും ഉണ്ടാകില്ല. എല്ലാ പ്രശ്നങ്ങളും സ്വയത്തിന്റെ കവാടത്തിലൂടെ പുറത്തുവരുന്ന സാത്താനിൽ നിന്നാണ്. ഈ കവാടം പൂട്ടിവയ്ക്കുമ്പോൾ, സാത്താൻ പരിമിതനാകുന്നു, പ്രശ്നങ്ങളൊന്നുമുണ്ടാകുന്നില്ല.

ഈ അധ്യായങ്ങളിൽ ഞാൻ കേവലമായ ഉപദേശത്തെക്കുറിച്ചല്ല ഞാൻ ഭാരപ്പെടുന്നത്. പകരം, വർഷങ്ങളുടെ കഷ്ടാനുഭവത്തിലൂടെ ഞാൻ പഠിച്ച കാര്യങ്ങൾ നിങ്ങൾക്ക് അവതരിപ്പിക്കുകയാണ്. സഭ എങ്ങനെ പണിയപ്പെടുവാൻ കഴിയുമെന്ന് നിങ്ങൾ കണ്ടെത്തണം. ക്രൂശിലൂടെയും പുനരുത്ഥാനത്തിലൂടെയും സഭ പണിയപ്പെടുന്നു എന്ന് നിങ്ങൾ പറഞ്ഞാൽ, അത് ഇപ്പോഴും വളരെ ഉപദേശപരമാണ്. എല്ലാ സാഹചര്യങ്ങളിലും സ്വയത്തെ പൂട്ടിവയ്ക്കുന്നതിന് സ്വയം ത്യജിക്കലെന്ന താക്കോൽ പ്രയോഗിക്കാൻ പഠിക്കേണ്ടതിന് നാം മുമ്പോട്ട് പോകണം. ഒരു സാഹചര്യം നിങ്ങൾക്ക് അനുകൂലമായാലും പ്രതികൂലമായാലും, നിങ്ങൾ സ്വയത്തെ പൂട്ടിവയ്ക്കണം. സഹോദരന്മാർ നിങ്ങളെ സ്നേഹിച്ചാലും സ്വാഗതം ചെയ്താലും, അല്ലെങ്കിൽ വെറുത്താലും സ്വാഗതം ചെയ്തില്ലെങ്കിലും നിങ്ങൾ അപ്പോഴും സ്വയത്തെ പൂട്ടിവയ്ക്കണം. നിങ്ങൾ ഇത് ചെയ്താൽ, പ്രശ്നങ്ങളൊന്നും ഉണ്ടാകില്ല, സഭയുടെ കെട്ടുപണി സാധ്യമാകും. എന്നാൽ സ്വയത്തെ പൂട്ടിവയ്ക്കാതെ കെട്ടുപണി ഉണ്ടാകായിരിക്കുവാൻ സാധ്യമല്ല. (The Collected Works of Witness Lee, 1978, vol. 1, “The Exercise of the Kingdom for the Building of the Church,” pp. 69-77)